## 34

# നാം അളക്കുന്നുണ്ടോ?
# (വെളിപ്പാട് 11:1, 2)

ആറാമത്തെ കാഹളത്തിനും ഏഴാമത്തെ കാഹളത്തിനുമിടക്കുള്ള ഇടവേളയെ കുറിച്ചാണ് ഇപ്പോൾ നാം പഠിക്കുന്നത് (10:1–11:13). വരുവാനിരിക്കുന്ന കുഴപ്പങ്ങൾക്കിടയിൽ, സഭ എന്തു *ചെയ്തുകൊണ്ടിരിക്കണ*മെന്നാണ് പ്രാഥമികമായി ഈ ഇടവേളയുടെ ഉദ്ദേശം. നമ്മുടെ കഴിഞ്ഞ രണ്ടു പാഠങ്ങളിൽ, ദൈവവചനത്തെ നാം അഭിനന്ദിക്കയും വിനിയോഗിക്കയും വേണം എന്ന് പഠിച്ചു. ഈ പാഠത്തിൽ നാം ഊന്നൽ കൊടുക്കുന്നത്, വചനപ്രകാരം നമ്മുടെ ജീവിതത്തെ *സ്വയം-പരിശോധിക്കുക* എന്നതിനാണ്.

"ഏറ്റവും പ്രയാസമുള്ള പുസ്തകത്തിലെ ഏറ്റവും പ്രയാസമുള്ള അദ്ധ്യായം" എന്നു ചിലർ വിശ്വസിക്കുന്ന, അദ്ധ്യായം 11[1] ആണ് ഈ അവതരണത്തിൽ പരിചയപ്പെടുത്തുന്നത്.[2] ലിയോൺ മോറിസ് എഴുതി, "വ്യാഖ്യാനിക്കുവാൻ അസാധാരണ പ്രയാസമുള്ള അദ്ധ്യായമാണ് ഇത്."[3] "ഈ അദ്ധ്യായം മുഴുവൻ ബൈബിളിനെയും അപേക്ഷിച്ച് സങ്കീർണ്ണതയുള്ളതാണെന്ന് പൊതുവിൽ സമ്മതിക്കുന്നു"[4] എന്നാണ് ബ്രൂസ് മെറ്റ്സ്ജർ പറഞ്ഞത്. മാർട്ടിൻ കിഡിൽ പറഞ്ഞു, "ഒറ്റ നോട്ടത്തിൽ ആ അദ്ധ്യായം വെളിപ്പാട് പുസ്തകത്തിൽ വെച്ച് ഏറ്റവും പ്രയാസമുള്ളതും ഏറ്റവും പ്രധാനപ്പെട്ടതുമാണെന്ന് തോന്നും."[5]

ഈ അദ്ധ്യായത്തിൽ മറഞ്ഞു കിടക്കുന്ന ചില അലങ്കാരങ്ങളുണ്ടെന്ന് ഞാൻ സമ്മതിക്കുന്നു, പക്ഷെ അദ്ധ്യായത്തിന്റെ പ്രാഥമിക ലക്ഷ്യം വളരെ വ്യക്തമാണ്. വിശാലവും അന്ധാളിപ്പിക്കുന്നതുമായ വ്യാഖ്യാനങ്ങളാണ് ബുദ്ധിമുട്ടായി *തോന്നുന്നത്*. "*വെളിപ്പാടിൽ* ... ഇതിനേക്കാളധികം സാങ്കൽപികമായി വ്യാഖ്യാനിച്ചിരിക്കുന്ന മറ്റു ഭാഗങ്ങളില്ലെന്ന് തോന്നുന്നു."[6] വെളിപ്പാട് പുസ്തകത്തോടുള്ള വ്യത്യസ്തസമീപനം നിമിത്തമാണ് "ഈ സാങ്കൽപിക വ്യാഖ്യാനങ്ങൾക്ക്" അടിസ്ഥാനകാരണം.[7] പ്രത്യേകിച്ച് ആലങ്കാരിക ഭാഷ അക്ഷരികമായി എടുക്കുന്നത് തെറ്റിദ്ധരിപ്പിക്കും. പല കമെന്ററികളിലും, അക്ഷരിക യെഹൂദന്മാരെയും, അക്ഷരിക ദൈവാലയത്തെയും, അക്ഷരിക നഗരത്തെയും, അക്ഷരികകാലയളവിനെയും പറ്റി പറഞ്ഞിരിക്കുന്നതു കാണാം.

നിറയെ തെറ്റിദ്ധാരണകളുണ്ടെങ്കിലും, നിങ്ങൾ ശ്രദ്ധയോടെ, അർത്ഥവത്തായ സമീപനത്തിൽ വെളിപ്പാട് പുസ്തകം വായിച്ചാൽ, ഈ സന്ദേശം വായിക്കുമ്പോൾ, നിങ്ങൾക്ക് നീതിയുക്തമല്ലാത്ത ബുദ്ധിമുട്ട് അനുഭവപ്പെടുകയില്ല. ആ അദ്ധ്യായത്തിൽ ഇന്നത്തെ സഭയ്ക്ക് ശക്തമായ പാഠങ്ങൾ അടങ്ങിയിരിക്കുന്നു. ആ സന്ദേശം മറച്ചുകളയുവാൻ വിവാദത്തെ അനുവദിക്കരുത്.

### പ്രധാന സന്ദേശങ്ങൾ

കഴിഞ്ഞ അദ്ധ്യായത്തിൽ, പുസ്തകം വാങ്ങി തിന്നുവാൻ പറഞ്ഞപ്പോൾ, യോഹന്നാൻ ഒരു പങ്കാളിയായി മാറിയിരുന്നു (10:8–11). "വേദിയിൽ-വെച്ച്" അവന് വേറെയും ജോലി കൊടുത്തു. അവൻ എഴുതി, "ദണ്ഡ് പോലെയുള്ള

ഒരു കോൽ എനിക്ക് കിട്ടി" (11:1). മൂലഗ്രന്ഥത്തിൽ "ദണ്ഡ്"[8] ഒരു "കോൽ" ആണ്. യോർദ്ദാൻ താഴ്വരകളിൽ നീളത്തിലുള്ള കെയിൻ-പോലെയുള്ള കോലുകൾ വളർന്നിരുന്നു. ചിലപ്പോൾ, ആ ചെടികൾ പത്തോ അതിലധികമോ അടി ഉയരത്തിൽ വളർന്നിരുന്നു. അതുപോലെയുള്ള ഒന്നാണ് അപ്പൊസ്തലന് അളവുകോലായി കൊടുത്തത്.[9]

പിന്നെ, "ആരോ" അവനോട് സംസാരിച്ചു (11:1) - ഒരുപക്ഷെ "സ്വർഗത്തിൽനിന്നുണ്ടായ അതേ ശബ്ദം" ആയിരിക്കാം (10:4) അത് അവനോട് പുസ്തകം തിന്നുവാൻ പറഞ്ഞു.[10] ആ "ആരോ" അവനോട് കൽപിച്ചു:

> നീ എഴുന്നേറ്റ് ദൈവത്തിന്റെ ആലയത്തേയും യാഗപീഠത്തെയും അതിൽ നമസ്ക്കരിക്കുന്നവരേയും അളക്കുക. ആലയത്തിന് പുറത്തുള്ള പ്രാകാരം അളക്കാതെ വിടുക. അത് ജാതികൾക്ക് കൊടുത്തിരിക്കുന്നു. അവർ വിശുദ്ധനഗരത്തെ നാൽപത്തിരണ്ടു മാസം ചവിട്ടും (11:1, 2). (ഈ പാഠത്തിന്റെ അവസാനം കാണുന്ന "ദൈവാലയം അളക്കൽ" എന്ന ചിത്രീകരണം നോക്കുക.)

നാം ഇത് വായിക്കുമ്പോൾ, ചോദ്യങ്ങൾ വർദ്ധിച്ചുവരാം: ദൈവാലയവും, യാഗപീഠവും, നമസ്ക്കരിക്കുന്നവരും എന്തിനെയാണ് ഉദ്ദേശിക്കുന്നത്? അവ "അളക്കുന്നതിന്റ" പ്രാധാന്യം എന്താണ്? "ദൈവാലയത്തിന് പുറത്തുള്ള പ്രാകാരം" എന്താണ്? പുറത്തുള്ള പ്രാകാരം അളക്കാതിരുന്നതിന്റെ പ്രാധാന്യം എന്താണ്? "അത് ജാതികൾക്ക് കൊടുത്തിരിക്കുന്നു" എന്ന വാക്കിന്റെ അർത്ഥം എന്താണ്? എന്താണ് "വിശുദ്ധനഗരം"? "നാൽപത്തി-രണ്ടു മാസം" എന്നതിന്റെ അർത്ഥം എന്താണ്? ഓരോ ചോദ്യത്തിനും ഉത്തരം ലഭിക്കേണ്ടതാണ്, പക്ഷെ ഓരോ വിശദാംശവും നോക്കി നാം പ്രാഥമിക സന്ദേശത്തിൽനിന്നു വ്യതിചലിക്കരുത്.

ആ സന്ദേശം, "അളക്കുക" എന്ന വാക്കിൽ അടങ്ങിയിരിക്കുന്നു. ആ വേദഭാഗത്തിന്റെ പോയിന്റ് മനസിലാക്കി അനുമോദിക്കുവാൻ, നാം ആദ്യം, അലങ്കാരപ്രയോഗം മനസിലാക്കണം, പിന്നെ അളക്കുന്നതിന്റെയും (അല്ലെങ്കിൽ അളക്കാതിരിക്കുന്നതിന്റെയും) പ്രാധാന്യം അറിയണം. ഒരിക്കൽ നാം ഇതു മനസിലാക്കിയാൽ, നമുക്ക് മറ്റു കാര്യങ്ങൾ പരിഗണിക്കാം.

**ദൈവാലയ അലങ്കാരം: ദൈവത്തിന്റെ ജനം**

ദൈവാലയം അളക്കുന്ന ആശയം മനസിലാക്കുവാൻ, നാം ആദ്യം ദൈവാലയം മനസിലാക്കണം: അലങ്കാരവും യാഥാർത്ഥ്യവും.

അദ്ധ്യായം 11 ലെ ഭാവന, ഒരുപക്ഷെ യെരുശലേമിലെ, ഹെരോദാവിന്റെ ആലയ ക്രമീകരണമായിരിക്കാം, അത് ഏ. ഡി. 70-ൽ റോമാ സൈന്യം നശിപ്പിച്ചിരുന്നു.[11] യോഹന്നാന് അറിയാമായിരുന്നത് ഹെരോദാവിന്റെ ആലയമായിരുന്നു, യോഹന്നാന്റെ വായനക്കാർക്ക് അറിയാമായിരുന്ന ഏക ആലയവും അതായിരുന്നു.[12]

*നാവോസ്* എന്ന ഗ്രീക്ക് വാക്ക് തർജിമ ചെയ്തതാണ് വാക്യം 1 ലെ "ടെംമ്പിൾ," അത് ദൈവാലയത്തിന്റെ വിശുദ്ധഭാഗമായി കരുതുന്നു[13] - അതിനെതിരായിട്ടാണ്, പൊതുവിൽ ദൈവാലയസമുച്ചയവും, അതിന്റെ കെട്ടിടങ്ങളും, പ്രാകാരങ്ങളും, മണ്ഡപങ്ങളും.[14] എന്റെ കയ്യിലുള്ള എൻഏഎസ്ബി

യിൽ മാർജിനിലെ കുറിപ്പിൽ "ടെംമ്പിൾ," "അല്ലെങ്കിൽ,സാങ്ചറി" എന്നാണ്.

വാക്യം 1-ൽ ദൈവാലയത്തിൽ യാഗപീഠത്തെയും നമസ്ക്കരിക്കുന്നവരെയും പറഞ്ഞിരിക്കുന്നു. ദർശനത്തെ സംബന്ധിച്ചിടത്തോളം, യാഗപീഠം എന്നത്, ഒന്നുകിൽ ദഹനയാഗം അർപ്പിക്കുന്നതിന് *നാവോസിന്റെ* മുമ്പിലുള്ള യാഗപീഠം, അല്ലെങ്കിൽ ധൂപവർഗം അർപ്പിക്കുന്നതിനുള്ള ചെറിയ യാഗപീഠമാണ് (വിശുദ്ധസ്ഥലം), അത് *നാവോസിനു*ള്ളിലാണ്.[15] "നമസ്ക്കരിക്കുന്നവർ" എന്നു പറഞ്ഞിരിക്കുന്നത്, ഒന്നുകിൽ യാഗം അർപ്പിക്കുവാനോ ധൂപവർഗമർപ്പിക്കുവാനോ വരുന്ന പുരോഹിതന്മാർ, അല്ലെങ്കിൽ ദിവസവും പല പ്രാവശ്യവും പ്രാർത്ഥനക്കായി വരുന്ന യെഹൂദന്മാരായിരിക്കും.[16]

"ദൈവാലയത്തിന് പുറത്തുള്ള പ്രാകാരത്തെ കുറിച്ചാണ്" വാക്യം 2 പറയുന്നത് - അതായത്, ദൈവാലയത്തിന് പുറത്ത് - ആ പ്രാകാരം "ജാതികൾക്ക് കൊടുത്തിരിക്കുന്നു" എന്നാണ് പറഞ്ഞിരിക്കുന്നത്. സാധാരണ "ജാതികൾ" എന്നതിന് ഉപയോഗിക്കുന്ന വാക്കാണ് "നേഷൻസ്".[17] ഹെരോദാവിന്റെ ആലയത്തിലെ ജാതികളുടെ പ്രാകാരത്തിൽ നിന്നെടുത്തതാണെന്നു തോന്നുന്നു "ദൈവാലയത്തിന് പുറത്തുള്ള പ്രാകാരം" എന്ന ചിത്രം. ഹെരോദാവിന്റെ ആലയത്തിൽ, യെഹൂദര-ല്ലാത്തവർക്ക് പ്രവേശിക്കാവുന്ന ഏക സ്ഥാനം ജാതികളുടെ പ്രാകാരമാണ്.[18] ഈ പ്രാകാരത്തിനും മറ്റു ദൈവാലയസമുച്ചയത്തിനുമിടക്ക്, ജാതികൾ അതിക്രമിച്ച് മുൻപോട്ട് കടന്നാലുള്ള അനന്തരനടപടികളെ മുന്നറിയിച്ചിട്ടുണ്ട്.

പശ്ചാത്തല ചിത്രം പൂർണ്ണമാക്കുവാൻ, ഹെരോദാവിന്റെ ആലയം സ്ഥിതി ചെയ്തിരുന്നത് യെരുശലേം നഗരത്തിന്റെ വടക്ക് കിഴക്കു ഭാഗത്തായിരുന്നു എന്നറിയണം. വെളിപ്പാട് 11:2 ലെ "വിശുദ്ധ നഗരം" എന്നു പറഞ്ഞിരിക്കുന്നത് ഒരുപക്ഷെ യെരുശലേമിനെ കുറിച്ചായിരിക്കാം. പുതിയനിയമത്തിൽ രണ്ടു പ്രാവശ്യം യെരുശലേമിനെ വിശുദ്ധനഗരം എന്നു പറഞ്ഞിരിക്കുന്നു (മത്തായി 4:5; 27:53) - യേശുവിന്റേയും അപ്പൊസ്തലന്മാരുടേയും കാലത്ത് നഗരം "വിശുദ്ധ" മായിരുന്നതുകൊണ്ടല്ല അങ്ങനെ വിളിച്ചത്, പിന്നെയോ ദൈവം മുമ്പ് തന്റെ ജനവുമായി ഇടപെടുന്നതിന് നഗരത്തെ "വേർതിരിച്ച്" നിർത്തിയിരുന്നതുകൊണ്ടാണ്.[19]

ആ പശ്ചാത്തലം നൽകി എന്നതിനാൽ, വെളിപ്പാടിൽ ഭൗതികമായ നഗരത്തിൽ ഭൗതികമായ ആലയത്തിന് ഒരു പ്രസക്തിയുമില്ലായിരുന്നു എന്ന് ഞാൻ പെട്ടെന്ന് പറയട്ടെ. ജി. ബി. കെയിഡ് പറഞ്ഞു, "എല്ലാ കാര്യങ്ങളും ആലങ്കാരികമായി പറഞ്ഞിരിക്കുന്ന ഒരു പുസ്തകത്തിൽ അവസാനം പറഞ്ഞിരിക്കുന്ന *ആലയവും നഗരവും,* ഭൗമിക യെരുശലേമിൽ ഭൗമിക ആലയമായി കാണുവാൻ പ്രയാസമാണ്."[20]

11:1, 2 ലെ ആലയം, യെരുശലേമിലുണ്ടായിരുന്ന ദൈവാലയമായിരുന്നില്ല എന്ന് നമുക്ക് ഉറപ്പിക്കാം. ജെ. ഡബ്ലിയു റോബർട്ട് എഴുതി, "യോഹന്നാനോട് അളക്കുവാൻ പറഞ്ഞ ആലയം, യെരുശലേമിലേതായിരുന്നില്ല, മറിച്ച് പത്മൊസ് ദ്വീപിൽ അവൻ കണ്ട ദർശനത്തിലെ ആലയമായിരുന്നു."[21] കൂടാതെ, നമ്മുടെ വേദഭാഗത്തിലെ ആലയം ദൈവം സംരക്ഷിക്കും, "പക്ഷെ ടൈറ്റസും സൈന്യവും ഭൗതിക യെരുശലേമിലെ മറ്റെല്ലാം നശിപ്പിച്ചതോടുകൂടി ഭൗതികമായ ദൈവാലയം നശിപ്പിക്കുവാൻ ദൈവം അനുവദിക്കുകയായിരുന്നു."[22]

ആയിരാമാണ്ട് വാഴ്ച്ചക്കാർ പലപ്പോഴും വാദിച്ച് ഭാവിയിൽ ഭൗതിക യെരുശലേമിൽ ഭൗതിക ദൈവാലയം പുനർനിമ്മാണം നടത്തും എന്നും സൂചി

പ്പിക്കുന്നതല്ല വാക്യം 1 ലേയും 2 ലേയും ആലയം. "ന്യായപ്രമാണത്തിന്റെ ബലഹീനവും നിഷ്പ്രയോജനവുമായ ... കാര്യങ്ങൾ" (ഗലാത്യർ 4:9), പുനരേകീകരിക്കുകയെന്നാൽ, പ്രത്യേകമായി, പുറകോട്ടുപോകുന്നതായിത്തീരും. ആയിരക്കണക്കിനു വർഷങ്ങൾക്ക് ശേഷം നടത്തുമെന്നു പറയുന്ന ദൈവാലയ പുനർനിർമ്മാണം കൊണ്ട് ഒന്നാം-നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾക്ക് എന്ത് ആശ്വാസമാണ് ലഭിക്കുക?

വെളിപ്പാട് എഴുതിയപ്പോഴേക്ക് ഭൗതിക ദൈവാലയം ഇല്ലാതായിരുന്നു. അതിനാൽ അദ്ധ്യായം 11 ലെ ആലയം ആത്മിക യാഥാർത്ഥ്യത്തിന്റെ അലങ്കാരമായിരുന്നു. എന്താണ് ആ ആത്മിയ യാഥാർത്ഥ്യം? ആൽഫ്രഡ് പ്ലമ്മർ എഴുതി, "ഇവിടെ പറയുന്ന *ആലയം* ക്രിസ്തുവിന്റെ സഭയിലെ വിശ്വസ്തരായവരുടെ ഭാഗമാണെന്ന് സംശയരഹിതമായി പറയാം."[23] ജിം മെക്ഗ്വിഗിൻ പറഞ്ഞു, "ഈ പുസ്തകം എഴുതിയപ്പോഴേക്ക്, *ദൈവത്തിന്റെ* സഭ എന്ന ഏക ആലയമേ ഉണ്ടായിരുന്നുള്ളു."[24]

സഭ ദൈവത്തിന്റെ ആലയമാണെന്ന ആശയം പുതിയനിയമത്തിലുടനീളമുണ്ട്. പൗലൊസ് കൊരിന്ത്യയിലെ ക്രിസ്ത്യാനികളോട് ചോദിച്ചു, "നിങ്ങൾ ദൈവത്തിന്റെ മന്ദിരമാണെന്ന് നിങ്ങൾ അറിയുന്നില്ലയോ? ..." (1 കൊരിന്ത്യർ 3:16). പിന്നീട് അവൻ പറഞ്ഞു, "നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലൊ" (2 കൊരിന്ത്യർ 6:16).[25] എഫെസ്യർക്കുള്ള ലേഖനത്തിൽ അവൻ രക്ഷിക്കപ്പെട്ടവരുടെ കൂട്ടത്തെ, "കർത്താവിൽ വിശുദ്ധമന്ദിരമായി വളരുന്നു" എന്നാണ് പറഞ്ഞത് (എഫെസ്യർ 2:21). പത്രൊസ് പൗലൊസിനോട് യോജിക്കുന്നു, "നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മിയഗൃഹമായി പണിയപ്പെടുന്നു" (1 പത്രൊസ് 2:5).

അങ്ങനെ കിഡിൽ പറഞ്ഞു, "ദൈവത്തിന് ഉൽക്കണ്ഠയുള്ള - വിശ്വസ്തരായ ക്രിസ്ത്യാനികളെന്ന മന്ദിരമാണ്, അല്ലാതെ യെരുശലേമിലെ ആലയമല്ല."[26] വില്യം ഹെൻഡ്രിക്സൺ തറപ്പിച്ചു പറഞ്ഞു, "ഈ 'ദൈവത്തിന്റെ വിശുദ്ധസ്ഥലം' സത്യസഭയാണ്."[27] ജി. ആർ. ബീസ്ലേ-മുറേ പറഞ്ഞു, ആലയം, "അലങ്കാരമായിരിക്കുന്നത് ക്രിസ്തുവിന്റെ സഭയാണ്."[28]

ഈ പോയിന്റ് നാം വിട്ടുപോകുന്നതിനുമുമ്പ്, 1:1, 2-ൽ പറഞ്ഞിരിക്കുന്ന ആലയം *ഭൂമി*യിലുള്ളതായിരുന്നു എന്ന് ഊന്നി പറയട്ടെ.[29] "*സ്വർഗത്തിലുള്ള* ആലയത്തെ കുറിച്ചും വെളിപ്പാട് പറയുന്നുണ്ട്" അവിടെയാണ് ദൈവത്തിന്റെ സിംഹാസനം.[30] സഭ ഭൂമിയിലുള്ള ദൈവത്തിന്റെ ആലയമാണെന്ന ആശയം, സ്വർഗത്തിൽ അവന്റെ ആലയമുണ്ടെന്നതിന് എതിരല്ല, മറിച്ച് അതിനെ വിശേഷിപ്പിക്കുന്നതാണ്. ബാറ്റ്സെൽ ബാരെറ്റ് ബാക്സ്റ്റർ പലപ്പോഴും ദൈവരാജ്യത്തെ രണ്ട് നില കെട്ടിടത്തോട് സാദൃശപ്പെടുത്തി, താഴത്തെ നില സഭയും, മുകളിലത്തെ നില സ്വർഗമായും സംസാരിച്ചിട്ടുണ്ട്: രണ്ട് പ്രയോഗങ്ങളുള്ള ഒരു രാജ്യം. 11:1, 2-ൽ നമുക്ക് ആലയത്തിന്റെ ഭൗമിക പ്രയോഗമുണ്ട് (സഭ); 11:19-ൽ, അതിന്റെ സ്വർഗീയഭാഗമുണ്ട്.

## പരിശോധനാലങ്കാരം: ദൈവത്തിന്റെ സംരക്ഷണം

11:1, 2 ലെ ആലയം സഭയാണെന്ന്, നാം സ്ഥാപിച്ച ശേഷം, സങ്കീർണ്ണമായ ചോദ്യത്തിന് നാം തയ്യാറായിരിക്കുന്നു. ദൈവാലയം *അളക്കുക* എന്നതിന്റെ പ്രാധാന്യം എന്ത്?

ദൈവിക "അളവിനെ" കുറിച്ച് പല പഴയനിയമവേദഭാഗങ്ങളിലും പറയു

ന്നുണ്ട്.; എന്നാൽ നാം വെളിപ്പാട് 11 വായിക്കുമ്പോൾ, നമ്മെ യെഹെസ്ക്കേൽ 40 മുതൽ 43 വരെ ഓർപ്പിക്കുന്നു, അവിടെ ബി. സി. 587–ൽ പഴയ ആലയം നശിപ്പിച്ചശേഷം പുതിയത് ഒന്ന് പണിയുന്നത് അളക്കുവാൻ ദർശനത്തിൽ പ്രവാചകനോട് ദൈവം പറഞ്ഞു. (യെഹസ്ക്കേൽ 40:3–5.) "സ്വർഗീയ ശില്പിയുടെ അവലോകനത്തിന്റ"[31] ഭാഗമായിരുന്നു യെഹസ്ക്കേലിന്റെ ദർശനത്തിലെ അളക്കൽ, അത് പുനർനിർമ്മാണം പ്രതീക്ഷിച്ചുകൊണ്ടായിരുന്നു.[32] ദൈവം യിസ്രായേലിനെ മറന്നിട്ടില്ലെന്നും അവരെ സ്വദേശത്തേക്ക് മടക്കിവരുത്തുമെന്ന ആശ്വാസം യെഹസ്ക്കേലിൽ കൂടെ കൊടുക്കുകയായിരുന്നു ആ ദർശനത്തിൽ. (എസ്രായുടേയും നെഹമ്യാവിന്റേയും കാലത്ത് യെഹൂദന്മാർ അടിമത്വത്തിൽ നിന്ന് മടങ്ങിവന്നപ്പോൾ ആ വാഗ്ദാനം നിവർത്തിയായി.)

കെയിഡ് പറഞ്ഞു, "യോഹന്നാൻ രൂപം കടമെടുക്കുകയായിരുന്നു, എന്നാൽ സാധാരണപോലെ അത് തന്റെ അവസാനത്തിലേക്ക് ദത്തെടുക്കുകയായിരുന്നു"[33] യെഹസ്ക്കേലിന്റെ ദർശനത്തിലെ അളക്കൽ *പുനരുദ്ധാരണത്തിന്* കാത്തിരുന്നു, എന്നാൽ യോഹന്നാന്റെ ദർശനത്തിലെ അളക്കലിൽ കാത്തിരുന്നത് *സംരക്ഷണമായിരുന്നു*.

*സംരക്ഷണത്തിനായി* കാത്തിരുന്നു എന്ന ആശയം സന്ദർഭത്തിൽ കാണാം. ഉദാഹരണത്തിന്, വാക്യം 2 നോക്കുക, അവിടെ യോഹന്നാനോട് പറഞ്ഞു, "ആലയത്തിന് പുറത്തുള്ള പ്രാകാരം അളക്കാതെ വിടുക, അത് ജാതികൾക്ക് കൊടുത്തിരിക്കുന്നു. അവർ വിശുദ്ധനഗരത്തെ നാൽപത്തി-രണ്ടു മാസം ചവിട്ടും." ഗ്രീക്കുവാക്ക് തർജിമ ചെയ്തിരിക്കുന്ന "വിടുക" എന്നതിന്റെ അക്ഷരിക അർത്ഥം "മാറ്റി വെക്കുക"[34] എന്നാണ്; *ത്യജിക്കൽ* ആണ് ആ വാക്ക് അർത്ഥമാക്കുന്നത്. അളക്കാതിരിക്കൽ ദൈവത്താൽ ത്യജിക്കപ്പെടുന്നു എന്നർത്ഥം. അപ്പോൾ അളക്കുക എന്നാൽ ദൈവത്താൽ *സ്വീകരിക്കുന്നു* എന്നർത്ഥം.

അളക്കാത്ത പ്രാകാരം "ജാതികൾക്ക് കൊടുത്തിരിക്കുന്നു," അവർ "വിശുദ്ധനഗരത്തെയും" (അന്തർലീനം) പ്രാകാരത്തെയും ചവിട്ടും. "കാൽക്കീഴിൽ ആക്കി ചവിട്ടുക" എന്നാൽ കീഴിലാക്കുക, ഉന്മൂലനാശം വരുത്തുക, നശിപ്പിക്കുക എന്നൊക്കെയാണ്. ഉദാഹരണത്തിന് റോമൻ സൈന്യത്താൽ യെരുശലേം നശിപ്പിക്കപ്പെടും എന്ന് യേശു മുന്നറിയിച്ചപ്പോൾ, അവൻ പറഞ്ഞു, "ജാതികൾ യെരുശലേമിനെ ചവിട്ടിക്കളകയും ചെയ്യും" (ലൂക്കൊസ് 21:24).[35] ആ ഭയങ്കര വാക്കുകൾ "ചവിട്ടിക്കളെയും" എന്നതു മനസിലാക്കുവാൻ യെരുശലേം നാശത്തെ കുറിച്ച് എഴുതിയ ജോസഫസിന്റേയും മറ്റും പുസ്തകങ്ങൾ വായിക്കുക. അളക്കാതിരിക്കൽ എന്നാൽ വഴങ്ങാതിരിക്കയും *സംരക്ഷിക്കാതിരിക്കയും* ചെയ്യുക എന്നാണ്. അതിന് വിപരീതമായി, അളക്കുക എന്നാൽ ഭദ്രമാക്കുകയും *സംരക്ഷിക്കുകയും* എന്നായിരുന്നു.

*അളക്കുന്നതും സംരക്ഷിക്കുന്നതും* തമ്മിലുള്ള ബന്ധത്തെ നാം എങ്ങനെയാണ് ചിത്രീകരിക്കുക? വ്യക്തികളെ സംരക്ഷണവസ്ത്രത്തിന് അളക്കുന്നു, ഒരു പൊലിസുകാരന് വെടിയുണ്ട ഏല്ക്കാത്ത ഉടുപ്പിനും, ഒരു ഫുട്ബോൾ കളിക്കാരന് സംരക്ഷണപാഡുള്ള വസ്ത്രത്തിനും, ശൂന്യാകാശസഞ്ചാരി, അതിനാവശ്യമായ വസ്ത്രത്തിനും, അളക്കുന്നതാണ് എന്റെ മനസിലേക്ക് ആദ്യം വരുന്നത്. രണ്ടാമത് വരുന്നത് എന്റെ ഓക്ലഹോമയിലെ വാസമാണ്: ഓക്ലഹോമ കൈവശത്തിനായി തുറന്നുകൊടുത്തപ്പോൾ, വലിയ പുരുഷാരം ആ പ്രദേശത്തേക്ക് ഓടിക്കൂടുകയും, അവർ കൈക്കലാക്കിയ ഭൂമി, അതിർ

തിരിച്ച് അളന്നു പത്തലിട്ട് പറഞ്ഞു, "ഇത് എന്റേതാണ്, നിങ്ങൾ മാറി നിൽക്ക!" അതുപോലെ, ആലയം അവലോകനം നടത്തുവാൻ പറഞ്ഞപ്പോൾ, ദൈവം വാസ്തവത്തിൽ പറഞ്ഞു, "ആ നമസ്ക്കരിക്കുന്നവർ എനിക്കുള്ളവരാണ് - നിങ്ങൾ അവരെ ഉപദ്രവിക്കരുത്!"

വെളിപ്പാട് 11:1, 2 ന്റെ പ്രാഥമികമായ സന്ദേശം, വരുവാനിരിക്കുന്ന കുഴപ്പത്തിൽ, കർത്താവ് *തന്റെ ജനത്തെ സംരക്ഷിക്കുമെന്നാണെന്ന്* ഞാൻ വിശ്വസിക്കുന്നു. ആറും ഏഴും മുദ്രകൾക്കിടയിൽ 144,000 പേരെ[36] മുദ്രയിടുന്നത് യോഹന്നാൻ ദർശിച്ച ഇടവേളയുടെ സന്ദേശവും അതാണെന്ന് ഓർക്കുക. "എല്ലാ ദൈവഹിതത്തിലും നമ്മെ ഉറപ്പിക്കുന്നതിന്" നമുക്ക് വീണ്ടും വീണ്ടും ഈ സന്ദേശം ആവശ്യമാണ് (കൊലൊസ്യർ 4:12).

## കാലത്തെ കുറിച്ചുള്ള അലങ്കാരം: ദൈവത്തിന്റെ വാഗ്ദാനം

നാം സംരക്ഷണവിഷയം ചർച്ച ചെയ്യുമ്പോൾ, വേദഭാഗത്തിലെ നാൽപത്തി-രണ്ട് മാസവും നാം കൈകാര്യം ചെയ്യണം. കുഴപ്പകാലത്തെ സംരക്ഷണമാണ് നാൽപത്തി-രണ്ട് മാസകാലയളവുകൊണ്ട് സൂചിപ്പിക്കുന്നത്. നാൽപത്തി-രണ്ട് മാസം നഗരവും പ്രാകാരവും സംരക്ഷിക്കപ്പെടുകയില്ല, അതിനർത്ഥം ആ കാലയളവിൽ ആലയം സംരക്ഷിക്കപ്പെടും.

വെളിപ്പാടിലെ സംഖ്യകളുടെയെല്ലാം ആലങ്കാരിക അർത്ഥം മനസിലാക്കിയതു നിമിത്തം നാൽപത്തി-രണ്ട് മാസം എന്നത് അക്ഷരികമല്ല എന്ന് നിങ്ങൾക്ക് ബോധ്യമായി കാണുമല്ലോ - എങ്കിലും ആ സംഖ്യയുടെ പ്രാധാന്യം നാം മനസിലാക്കണം. അത് വിവിധരൂപത്തിൽ പുസ്തകത്തിലുടനീളം കാണാം.

മുൻപ് ഒരു പാഠത്തിൽ, "ഏഴ്" പൂർണ്ണതക്കായി നിലകൊള്ളുകയും, "3 1/2" അപൂർണ്ണതയെയും സൂചിപ്പിക്കുന്നതായി നാം കണ്ടു.[37] കൂടാതെ, വെളിപ്പാടിൽ, "3 1/2" എന്നത് പൊതുവിൽ വിചാരണ, വിഷമം, പരീക്ഷണം എന്നിവയും - ഭാവിയിൽ നല്ല സമയവുമായി ബന്ധപ്പെട്ടിരിക്കുന്നു. "3 1/2" പുസ്തകത്തിൽ പല വിധത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ആദ്യം 11:2-ൽ ഒരു പ്രയോഗമായി നാൽപത്തി-രണ്ട് മാസം എന്നു പറഞ്ഞിരിക്കുന്നു. നാൽപത്തി-രണ്ട് മാസം എന്നത് "3 1/2"വർഷമാണ്.[38] 13:5 ലും നാൽപത്തി-രണ്ട് മാസം കാണാം, അവിടെ മൃഗത്തിന് പ്രവർത്തിക്കുവാൻ "നാൽപത്തി-രണ്ട് മാസം അധികാരം കൊടുത്തിരിക്കുകയാണ്."[39]

മറ്റൊരു പ്രയോഗമാണ് "ആയിരത്തിയിരുനൂറ്റിയറുപത് ദിവസം." മാസം ഓരോന്നിനും മുപ്പത് ദിവസം[40] വെച്ച് കണക്കാക്കിയാൽ അത് നാൽപത്തി - രണ്ട് മാസം അല്ലെങ്കിൽ 3 1/2 വർഷമാണ്. പിന്നീട് അദ്ധ്യായം 11-ൽ രണ്ട് സാക്ഷികൾ ആയിരത്തിയിരുന്നൂറ്റിയറുപത് ദിവസം പ്രവചിക്കുമെന്ന് പറയുന്നത് നാം കാണും (11:3). അടുത്ത അദ്ധ്യായത്തിൽ, "സ്ത്രീയെ ആയിരത്തിയിരുനൂറ്റിയറുപത് ദിവസം പോറ്റും" (12:6).

കൂടാതെ, ഒരു അസാധാരണമായ "ഒരുകാലവും, ഇരുക്കാലവും, അരക്കാലവും" എന്ന പ്രയോഗമുണ്ട്.[41] അദ്ധ്യായം 12 നോക്കിയാൽ, "സ്ത്രീയെ ആയിരത്തിയിരുനൂറ്ററുപതു ദിവസം പോറ്റേണം" എന്നു കാണാം, എന്നാൽ വാക്യം 14 പറയുന്നു, മരുഭൂമിയിൽ അവളെ "ഒരുകാലവും ഇരുക്കാലവും അരക്കാലവും പോറ്റേണം." "ഒരു കാലവും ഇരുക്കാലവും അരക്കാലവും" എന്നത് മറ്റൊരു രീതിയിൽ പറഞ്ഞാൽ "ആയിരത്തിയിരുനൂറ്ററുപതു ദിവസം" - അല്ലെങ്കിൽ 3 1/2 വർഷം.

ഒരു നിമിഷം മുൻപ്, വെളിപ്പാടിൽ “3 1/2” എന്നത് പൊതുവിൽ വിചാരണ, പ്രയാസം, പരീക്ഷണം എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് ഞാൻ പറഞ്ഞു. നാം പരിഗണിച്ച ഓരോ ഉദാഹരണത്തിലും, ദൈവജനം വിചാരണയിലും, പ്രയാസത്തിലും പരീക്ഷണത്തിലുമായിട്ടുണ്ട്: “വിശുദ്ധനഗരം” തകർക്കപ്പെട്ടു (11:2), രണ്ട് സാക്ഷികൾക്ക് ലോകശത്രുത നേരിടേണ്ടിവന്നു (11:3, 5), മഹാസർപ്പത്തിന്റെ കോപത്തിനിരയാകാതെ ഓടിപ്പോയ സ്ത്രീയെ പോറ്റുകയും (12:13, 14), മൃഗത്തിന് പ്രവർത്തിക്കുവാൻ അധികാരം കൊടുക്കയും ചെയ്തു (13:5). എങ്ങനെയായാലും, ആ സംഖ്യക്ക് ഒരു ക്രിയാത്മകവശമുണ്ട് എന്ന കാര്യം നാം മറക്കരുത്. “3 1/2” എന്നത് അപൂർണ്ണസംഖ്യയായി നാം കാണണം: അത് മിതമാണ്; അത് എന്നേക്കുമുള്ളതല്ല. അക്കാരണത്താൽ, ആ പദപ്രയോഗം ഉപയോഗിച്ചിരിക്കുന്നതിൽ, “നാളെ പ്രത്യാശയുണ്ട്” എന്നു വരുന്നു. 11 മുതൽ 13 വരെയുള്ള അദ്ധ്യായങ്ങളിലെ പരീക്ഷണങ്ങൾ നോക്കുമ്പോൾ, ദൈവം അവയുടെ ദൈർഘ്യം ചുരുക്കിയതായി കാണാം.

നാൽപത്തി-രണ്ട് മാസം എന്നതിന്റെ അർത്ഥം ജിം മെക്ഗ്വിഗിൻ ചുരുക്കി പറഞ്ഞിരിക്കുന്നു, “*ആഭ്യന്തര കാര്യങ്ങളെ കുറിച്ച് പറയുവാൻ* ഉപയോഗിച്ച പ്രയോഗമാണിത്! ... അവിടെ വിശുദ്ധന്മാർ ഉപദ്രവിക്കപ്പെടുന്നു, പക്ഷെ അവർ സംരക്ഷണയിലാണ്; അവിടെ അവർകഷ്ടപ്പെടുകയാണ്, പക്ഷെ നിലനിൽക്കുകയാണ്; അവിടെ അവർ ഇരകളായിരിക്കുന്നു, പക്ഷെ വിജയികളായിരിക്കുന്നു!”[42] അത് നമ്മെ 11:1, 2 ലെ അടിസ്ഥാന സന്ദേശത്തിലേക്ക് കൊണ്ടുവരുന്നു: ദൈവം തന്റെ ജനത്തോടുകൂടെയിരിക്കുകയും അവരെ സംരക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്യും!

**പരിശോധനാലങ്കാരം: ദൈവത്തിന്റെ ഉദ്ദേശം**

സന്ദേശത്തിന്റെ ഉപലക്ഷ്യം അളക്കൽ എന്ന ആശയത്തിൽ ഉൾപ്പെട്ടിരിക്കുന്നു: സഭയെ സംരക്ഷിക്കുവാൻ, ആദ്യം അളക്കണം. വേറൊരർത്ഥത്തിൽ പറഞ്ഞാൽ ദൈവം സഭയെ അനുഗ്രഹിക്കുന്നതിന് മുൻപ് അതിനെ “അളക്കേണ്ടിയിരുന്നു.”[43]

ബൈബിളിൽ പലപ്പോഴും കാണുന്ന ഒന്നാണ്, ആളുകളെ “അളന്നോ ഇല്ലയോ” എന്നത്, “ബെൽശസറിനെ തുലാസിൽ തൂക്കിനോക്കി കുറവുള്ളവനായി കണ്ടിരിക്കുന്നു” (ദാനിയേൽ 5:27). ആമോസിന്റെ കാലത്ത് ദൈവം തന്റെ ജനത്തെ പരിശോധിച്ചത് തൂക്കുകട്ട ഉപയോഗിച്ചാണ് (ആമോസ് 7:7, 8). വെളിപ്പാട് പുസ്തകത്തിന്റെ ആദ്യ താളുകളിൽ, യേശു സഭകൾക്ക് നടുവിൽ പരിശോധിച്ചുകൊണ്ട് നടക്കുന്നത് നമുക്ക് കാണുവാൻ കഴിഞ്ഞു (വെളിപ്പാട് 2:2, 19; 3:1, 8, 15); അവന്റെ അംഗീകാരം ലഭിച്ചവർക്ക് മാത്രമെ അനുഗ്രഹം ലഭിക്കയുള്ളു. ഇപ്പോൾ, അദ്ധ്യായം 11-ൽ, ദൈവജനത്തെ അളവുകോൽ ഉപയോഗിച്ച് അളക്കുകയാണ്. *യഥാർത്ഥത്തിൽ* അവന്റേതായ ആളുകളെ മാത്രമെ അവൻ അനുഗ്രഹിക്കയുള്ളു.

ഈ പാഠത്തിൽ പിന്നീട്, ആത്മിയമായി “അളക്കുന്നതിന്റെ” പ്രാധാന്യം ഞാൻ വിവരിക്കുന്നതാണ്. ഇപ്പോൾ, ഞാൻ രണ്ട് സന്ദേശം 11:1, 2-ൽ നിന്ന് ഊന്നി പറയുവാൻ ഉദ്ദേശിക്കുന്നത് ഇവയാണ്: (1) ദൈവം തന്റെ ജനത്തെ സംരക്ഷിക്കും; (2) അവരെ സംരക്ഷിക്കുന്നതിനുമുൻപ്, അവരെ അളക്കണം. ആ വേദഭാഗത്തിൽനിന്നു ഇത്രയും അറിഞ്ഞാൽ മതി, എന്ന് ദൈവം ആഗ്രഹിക്കുന്നതായി ഞാൻ വിശ്വസിക്കുന്നു. ആ വലിയ സത്യങ്ങളുമായുള്ള

ബന്ധത്തിൽ നിങ്ങൾ വിശദാംശങ്ങളിലേക്ക് കടന്നാലും ഇല്ലെങ്കിലും അത് അപ്രസക്തമാണ്.

### അപ്രധാനമായ വിശദാംശങ്ങൾ

പൂർണ്ണതക്ക് വേണ്ടി, നമുക്ക് ഏതാനും നിമിഷം, വേദഭാഗത്ത് കൂടുതൽ മറഞ്ഞു കിടക്കുന്ന വശത്തേയും ചിന്തിക്കാം. മൂന്നു പ്രത്യേകസ്ഥാനങ്ങളെ വേദഭാഗം പറയുന്നു: (1) ആലയം, (2) പ്രാകാരം, (3) നഗരം. ആലയം സഭ യാണെങ്കിൽ, എന്താണ് പ്രാകാരവും നഗരവും? പ്രാകാരവും നഗരവും അളന്നില്ല എന്ന് ശ്രദ്ധിക്കുക; അതുകൊണ്ട് രണ്ടിനും ദൈവത്തിന്റെ പ്രത്യേ കസംരക്ഷണമില്ല.

വർഷങ്ങളായി, നഗരത്തെ ഞാൻ *ലോക*മായിട്ടാണ് കാണുവാൻ ആഗ്ര ഹിക്കുന്നത്. ഏഴ് മുദ്രകളിൽ മിക്കതും, ഏഴ് കാഹളങ്ങളിൽ ഓരോന്നും അവി ശ്വാസികളിൽ വരുവാനിരിക്കുന്ന ന്യായവിധി സൂചിപ്പിക്കുന്നു. നഗരത്തെ നാം ലോകമായി കാണുകയാണെങ്കിലും, അപ്പോഴും പ്രാകാരം എന്തിനെയാണ് സൂചിപ്പിക്കുന്നതെന്നത് അവശേഷിക്കുന്നു.[44] അത് അരമനസുള്ളവരും സമർപ്പിക്കപ്പെടാത്തവരുമാണെന്ന് പല വ്യാഖ്യാതാക്കളും കരുതുന്നു – അ തായത്, സഭയിലെ അവിശ്വസ്തരായവരെ ദൈവം അളക്കാതെ വിടുന്നു. ഏഴ് സഭകളിൽനിന്നും യേശു "ആവശ്യപ്പെടുന്നവർ" ആണ് അവരെന്ന് ആ വ്യാഖ്യാനം തെളിയിക്കുന്നു:

> പെർഗമൊസിലെ ബിലെയാമിന്റെ ശിഷ്യന്മാരെ പോലെയുള്ളവർ തുയ ഥൈരയിലെ യിസബേലിനെ പോലെയുള്ളവർ, എഫെസൊസിലെ സ്നേഹമില്ലാത്തവരെ പോലെയുള്ളവർ, ഔപചാരികർ, സർദ്ദീസിലുണ്ടാ യിരുന്നവരെ പോലെ ആത്മാർത്ഥതയില്ലാത്തവർ, ലവൊദിക്യയിലെ സ്വയം-തൃപ്തരായവരെ പോലെ തൃപ്തിപ്പെടുന്നവർ – അവരൊന്നും വാസ്തവത്തിൽ ക്രിസ്ത്യാനികളായിരുന്നില്ല.[45]

ഇത് സഭയിൽ ഇന്ന് പ്രായോഗികമാക്കിയാൽ, പ്രാകാരത്തിലുള്ളവർ "ലോകപ്രകാരമുള്ള-സഭാംഗങ്ങളായിരിക്കും." അവർ "ലോകത്തിന്റെ ആശ യങ്ങളെ സ്വാഗതം ചെയ്യും, വീട്ടിൽ തികച്ചും ലോകവുമായുള്ള ബന്ധത്തിലാ യിരിക്കും, ലോകസൗഹൃദത്തിൽ ആനന്ദം കണ്ടെത്തും; അവർ രാഷ്ട്രീയകാ ര്യങ്ങളിൽ തിരഞ്ഞെടുപ്പിന് നിൽക്കുകയും, ലോകത്തെ സ്നേഹിക്കുകയും ചെയ്യും."[46] ആ വ്യാഖ്യാനത്തെ ഭാഗികമായി മാത്രമെ ഞാൻ അനുകൂലിക്കു ന്നുള്ളു. ദൈവത്തോട് അടുക്കുന്നവരോട് മാത്രമെ ദൈവം അടുക്കുകയുള്ളു എന്നത് തീർച്ചയായും സത്യമാണ്. (യാക്കൊബ് 4:8 നോക്കുക.) ഈ വ്യാഖ്യാ നത്തിന്റേയും (പ്രാകാരം പ്രതിനിധീകരിക്കുന്നതിനെ കുറിച്ചുള്ള മറ്റെന്തു വ്യാഖ്യാനമായാലും) ബലഹീനത എന്തെന്നാൽ അവ ഊഹം മാത്രമാണ് എന്നതാണ്.

അടുത്ത കാലത്തെ പഠനത്തിൽനിന്ന് മറ്റൊരു സാധ്യത ഞാൻ മനസി ലാക്കി: ആ മൂന്നു സ്ഥാനങ്ങളും – ആലയവും, പ്രാകാരവും, നഗരവും സഭ യാണ് എന്ന ആശയമാണ് അത്. ഈ വ്യാഖ്യാനമനുസരിച്ച്, ആലയം പ്ര തിനിധീകരിക്കുന്നത്, ദൈവം തന്റെ സഭയെ സംരക്ഷി*ക്കും,* എന്നാൽ പ്രാ കാരവും, നഗരവും പ്രതിനിധീകരിക്കുന്നത്, ദൈവം സംരക്ഷി*ക്കാത്ത* തന്റെ

ജനമാണ്. അത് മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ആലയം എന്നത് മനുഷ്യന്റെ *ഉള്ളിലുള്ള മനുഷ്യനെ* ദൈവം സംരക്ഷിക്കും, പ്രാകാരവും നഗരവുമായ *പുറമെയുള്ള മനുഷ്യനെ* ദൈവം സംരക്ഷിക്കുകയില്ല.[47] മുൻപു പറഞ്ഞ വ്യാഖ്യാനത്തെ പോലെ മനസിലാക്കുവാൻ എളുപ്പമല്ല ഈ വ്യാഖ്യാനം,[48] എന്നാൽ ഇതിന് അതിന്റേതായ ശക്തിയുണ്ട്:[49] അതിൽ കഷ്ടതയും ഭദ്രതയും യോജിപ്പിക്കുകയും[50] ക്രിസ്ത്യാനിത്വത്തിന്റെ മധുരവും കൈപ്പും എടുത്തു കാണിക്കയും ചെയ്തിരിക്കുന്നു.[51]

ഈ രണ്ട് കാഴ്ച്ചപ്പാടുകളെയും കുറിച്ച്, രണ്ടും തിരുവെഴുത്തിൽ സ്ഥിരമായതായതുകൊണ്ട് പരിശുദ്ധാത്മാവ് ഇതിൽ ഏതാണ് ഉദ്ദേശിച്ചതെന്ന് തിരിച്ചറിയുക വിഷമമാണ്.[52] പ്രാകാരവും നഗരവും വേർതിരിച്ചിട്ടില്ലാത്തതിനാൽ, അതിന്റെ വിശദാംശങ്ങൾക്ക് പ്രത്യേകഅനന്തരഫലമൊന്നും കാണുന്നില്ല. നമ്മുടെ വേദഭാഗത്തിന്റെ സന്ദേശം ഗ്രഹിക്കുവാൻ എല്ലാ വിശദാംശങ്ങളും ആവശ്യമില്ല എന്ന് വീണ്ടും പറയട്ടെ: (1) ദൈവം തന്റെ ജനത്തെ സംരക്ഷിക്കുമെന്ന് വാഗ്ദാനം ചെയ്തു; (2) ദൈവം അവരെ സംരക്ഷിക്കുന്നതിന് മുൻപ് അളക്കേണം.

## ഒഴിച്ചുകൂടാത്ത പ്രായോഗികതകൾ

പാഠം അവസാനിക്കാറായപ്പോൾ, നമ്മെ അളന്നാൽ മാത്രമെ ദൈവത്തിനു നമ്മെ അനുഗ്രഹിക്കാനാകു എന്ന പോയിന്റ് ശ്രദ്ധിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

### സ്വർഗീയമായ അളവ്

അളക്കുവാനുള്ള നിലവാരം എന്താണെന്ന് നമുക്ക് പരിശോധിക്കാം. അളക്കുന്ന നിലവാരം ദൈവവചനമാണെന്ന് മിക്കപേരും സമ്മതിക്കും. യേശു പറഞ്ഞു, “എന്റെ വചനം കൈക്കൊള്ളാതെ എന്നെ തള്ളിക്കളയുന്നവനെ ന്യായം വിധിക്കുന്നവൻ ഉണ്ട്; ഞാൻ സംസാരിച്ച വചനം തന്നെ ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധിക്കും” (യോഹന്നാൻ 12:48). ന്യായവിധിനാളിൽ അതാണ് നിലവാരമെങ്കിൽ, ഇപ്പോഴും നിലവാരം അത് തന്നെയായിരിക്കും. എൽഡ്രഡ് എക്കോൾസ്സ് അളവ്കോലിനെ തിരിച്ചറിഞ്ഞത്, “ആത്മീയ കാര്യങ്ങൾ അളക്കുവാൻ പറ്റിയ സത്യവചനം തന്നെയാണ് അത് എന്നാണ്.”[53] അദ്ദേഹം പറഞ്ഞു,

> ദൈവം നേരിട്ടോ അല്ലെങ്കിൽ ജീവിക്കുന്ന അപ്പൊസ്തലന്മാർ മുഖേനയോ ഇന്ന് നിർദ്ദേശങ്ങൾ നൽകുന്നില്ല. അതുകൊണ്ട് ഭൂമിയിൽ ദൈവമന്ദിരം പണിയുവാനുള്ള ഏക ബ്ലൂപ്രിന്റാണ് ദൈവശ്വാസിയവചനം. “നമ്മുടെ ജീവനും ഭക്തിക്കും വേണ്ടതെല്ലാം അത് നൽകുന്നു” (2 പത്രൊസ് 1:3). വ്യക്തികളായും സഭയായും നാം എങ്ങനെയായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നത് വെളിപ്പെടുത്തിയിരിക്കുന്നതാണ് ബൈബിൾ.[54]

അളവിന്റെ നിലവാരം വചനം ആണെങ്കിൽ, എന്താണ് അളക്കുവാനുള്ളത്? മൂന്ന് വസ്തുക്കൾ അളക്കുവാനാണ് യോഹന്നാനോട് പറഞ്ഞത്: “ദൈവത്തിന്റെ ആലയവും, യാഗപീഠവും, നമസ്ക്കരിക്കുന്നവരെയും” (11:1). അവ ഓരോന്നായി നമുക്ക് പരിശോധിക്കാം:

(1) ആലയം മുഴുവനും.

ആലയം സഭ ആണെന്ന് ഓർമ്മിക്കുക. അദ്ധ്യായം 2 ലും 3 ലും യേശു ഏഴ് സഭകളെ അളന്നപ്പോൾ, അകവും പുറവും പരിശോധിച്ചു. അവർ എങ്ങനെ ഉപദേശിക്കുന്നു എന്നും എങ്ങനെ ജീവിക്കുന്നുവെന്നും നോക്കി. ഒരു ഇടവകയും പൂർണ്ണമല്ല, എന്നാൽ കഴിവതും എല്ലാവരും ദൈവികനിലവാരത്തിനടുത്തെത്തുവാൻ ശ്രമിക്കണം.

(2) ആലയത്തിലെ നമസ്ക്കാരം.

ആലയത്തിന്റെ ആരാധനയെ സൂചിപ്പിക്കുന്നതാണ് "യാഗപീഠം" – അത് ആലങ്കാരികമായി നമ്മുടെ ദൈവിക നമസ്ക്കാരത്തെ കാണിക്കുന്നു. ഓരോ ക്രിസ്ത്യാനിയും "ആത്മിയ യാഗം കഴിക്കത്തക്ക പുരോഹിതന്മാരാണ്" (1 പത്രൊസ് 2:5). എബ്രായ ലേഖകൻ പറഞ്ഞു, "അവൻ മുഖാന്തരം നാം ദൈവത്തിന്ന് അവന്റെ നാമത്തെ ഏറ്റുപറയുന്ന, അധരഫലം എന്ന സ്തോത്ര യാഗം ഇടവിടാതെ അർപ്പിക്കുക" (എബ്രായർ 13:15).

നാം ദൈവത്തെ ആരാധിക്കുമ്പോൾ, വെറുതെ "കർത്താവേ, കർത്താവേ" എന്ന് വിളിച്ചാൽ മാത്രം പോരാ, നാം അവന്റെ ഇഷ്ടം ചെയ്യുകയും വേണം (മത്തായി 7:21). യേശു പറഞ്ഞു, "ദൈവം ആത്മാവാകുന്നു, അവനെ നമസ്ക്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കണം" (യോഹന്നാൻ 4:24). നാം *എങ്ങനെ* ആരാധിക്കുന്നു എന്നു വ്യക്തമാക്കുന്നതാണ് "ആത്മാവിൽ" എന്നത് (ഫിലിപ്പിയർ 3:3 നോക്കുക); "സത്യത്തിൽ" എന്നതിൽ നാം *എന്തു* ചെയ്യണം എന്ന് ഉൾപ്പെടുത്തിയിരിക്കുന്നു (യോഹന്നാൻ 17:17). നമ്മുടെ ഹൃദയം ശരിയായിരിക്കണം, അതേ സമയം പുതിയനിയമ മാതൃകയനുസരിച്ചായിരിക്കണം നമസ്ക്കരിക്കേണ്ടത്.

നമസ്ക്കാരം അടിസ്ഥാനപരമാണ്; അത് നമ്മെ ഒരുമിപ്പിക്കുന്നു; ക്രിസ്തുവിലുള്ള നമ്മുടെ ഏകത്വം വെളിപ്പെടുത്തുന്നതാണ് അത് (1 കൊരിന്ത്യർ 10:16, 17). ദൈവത്താൽ അധികാരപ്പെടുത്താത്ത നമസ്ക്കാരം നമുക്ക് അന്യോന്യവും കർത്താവിനോടും ഉള്ള ബന്ധത്തെ ബാധിക്കും.

*മരുഭൂമിയിൽ വിളിച്ചുപറയുന്ന ശബ്ദം*[55] എന്ന എന്റെ കയ്യിലുള്ള കർത്താവിന്റെ സഭയുടെ ചരിത്ര പുസ്തകത്തിൽ, "ക്രിസ്തീയ" ആരാധനയിൽ വർഷങ്ങളായി വന്ന മാറ്റത്തെ ഞാൻ വരച്ചിട്ടിരിക്കയാണ്: അത്തരം പുതുക്കലിൽ പെട്ടവയാണ്, കുർബ്ബാന, ഉപകരണസംഗീതം, ക്വയർ, പഴയനിയമത്തിൽനിന്നു കടമെടുത്ത ധൂപവർഗമർപ്പിക്കൽ തുടങ്ങിയവ. അവയോടുകൂടി ചേർക്കാവുന്നതാണ്, അടുത്തകാലത്തായി തുടങ്ങിയ കർത്തൃമേശ വർഷത്തിലൊരിക്കലോ, ആറുമാസത്തിലൊരിക്കലോ എടുത്താലും മതി എന്നും കർത്തൃമേശയ്ക്ക് അധികാരപ്പെടുത്താത്ത മൂലകങ്ങൾ ഉപയോഗിക്കുന്നതും. അത്തരം കാര്യങ്ങളെ കുറിച്ച് ദീർഘവർഷത്തെ പഠനത്തിൽനിന്ന് ഞാൻ മനസിലാക്കിയത്, അത്തരം മാറ്റങ്ങൾ നമുക്ക് ക്രിസ്തുവുമായുള്ള കൂട്ടായ്മയെ അതു ബാധിക്കുമെന്നാണ്. ക്രിസ്ത്യാനികൾക്ക് ഒരുമിച്ച് ആരാധിക്കാവുന്നേടത്തോളം വ്യത്യാസങ്ങൾ അവർക്ക് പരിഹരിക്കാവുന്നതേയുള്ളു; എന്നാൽ അവരുടെ അന്യോന്യമുള്ള ആരാധനയെ ബാധിച്ചാൽ അത് ഭിന്നിപ്പുണ്ടാക്കും.

നാം എങ്ങനെ ആരാധിക്കുന്നു എന്നത് പ്രാധാന്യമുള്ള കാര്യമാണ്. ദൈവം നമ്മുടെ ഹൃദയങ്ങളെയും പ്രവൃത്തികളെയും അളക്കും.

(3) നമസ്ക്കരിക്കുന്ന വ്യക്തികൾ.

"അതിൽ നമസ്ക്കരിക്കുന്നവർ" എന്ന് പറഞ്ഞിരിക്കുന്നത് സഭയിലെ

അംഗങ്ങളാണ്. അവസാനം ദൈവത്തിന്റെ അളവ് എത്തുന്നത് വ്യക്തികളിലേക്കാണ്. അവസാനദിവസം നാം ദൈവമുൻപാകെ നിൽക്കുന്നത് സംഘമായിട്ടല്ല, വ്യക്തികളായിട്ടാണ്. അന്ന് "നാം ഓരോരുത്തരും ദൈവത്തിന് കണക്ക് കൊടുക്കണം" (റോമർ 14:12).

**വ്യക്തിപരമായ പരിശോധന**

അത് നമ്മെ വ്യക്തിപരമായ പ്രായോഗികതയിലേക്ക് കൊണ്ടു വരുന്നു. ദൈവം നമ്മെ അവന്റെ വചനത്താലാണ് പരീക്ഷിക്കുന്നതെങ്കിൽ, നാം നമ്മെ പരിശോധിക്കേണ്ടതല്ലേ? കർത്തൃമേശ എങ്ങനെ ആചരിക്കണമെന്ന് നിർദ്ദേശിച്ച് പൗലൊസ് കൊരിന്ത്യരോട് പറഞ്ഞു, "ആദ്യം അവനവൻ ശോധന ചെയ്യണം" (1 കൊരിന്ത്യർ 11:28). അവൻ അവർക്ക് എഴുതിയ രണ്ടാം ലേഖനത്തിൽ, അവൻ പറഞ്ഞു, "നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്ന് നിങ്ങളെത്തന്നെ പരീക്ഷിപ്പിൻ!" അതിനുശേഷം പറഞ്ഞു, "നിങ്ങൾ കൊള്ളരുതാത്തവർ അല്ലാ എങ്കിൽ - യേശുക്രിസ്തു നിങ്ങളിൽ ഉണ്ട് എന്ന് നിങ്ങളെത്തന്നെ അറിയുന്നില്ലയോ?" (2 കൊരിന്ത്യർ 13:5).

ദൈവം സഭയുടെ ഉപദേശത്തെ പരിശോധിക്കുമെങ്കിൽ ഞാൻ എന്റെ വിശ്വാസത്തെയും ഉപദേശത്തെയും പരിശോധിക്കണം. ദൈവം സഭയുടെ ഹൃദയത്തെ പരിശോധിക്കുമെങ്കിൽ, ഞാൻ എന്റെ സ്നേഹത്തെ പരിശോധിക്കണം. രഹസ്യവും പരസ്യവുമായ എന്റെ ആരാധനയെ ഞാൻ പരിശോധിക്കണം. ദൈവം സഭയുടെ ജീവിതശൈലി പരിശോധിക്കുമെങ്കിൽ, ഞാൻ എന്റെ ധാർമ്മിക മാതൃകയും സേവനവും പരിശോധിക്കണം.

നാം സത്യസന്ധരാണെങ്കിൽ, അത്തരം പരിശോധനകൾ നമ്മുടെ ബലഹീനതകളെ പുറത്തുകൊണ്ടുവരും. നാം കർത്താവിനാൽ സംരക്ഷിക്കപ്പെടുവാനും സ്നേഹിക്കപ്പെടുവാനും പൂർണ്ണരാകണമെന്നല്ല ഞാൻ പറയുന്നത്. രക്ഷ ദൈവകൃപയുടെ അടിസ്ഥാനത്തിലാണ് രൂപപ്പെടുത്തിയിരിക്കുന്നത്, അല്ലാതെ വ്യക്തിപരമായ യോഗ്യതയുടെ അടിസ്ഥാനത്തിലല്ല (എഫെസ്യർ 2:8, 9). നമുക്ക് എന്തായ*ിത്തീരുവാൻ* കഴിയുമെന്ന് നമ്മെക്കാളും നന്നായി അവന് അറിയാം എന്നാണ് ഞാൻ പറയുന്നത്. നാം അളക്കുന്നുണ്ടോ ഇല്ലയോ എന്ന് അവന് അറിയാം. നമ്മുടെ കഴിവിന്റെ പരമാവധി നാം വചനം അനുസരിക്കുവാൻ ബദ്ധപ്പെടുന്നുണ്ടോ *എന്ന്* അവന് അറിയാം. നാം നമ്മോട് സത്യസന്ധതപുലർത്തുന്നുവെങ്കിൽ, നമുക്കും അത് അറിയുവാൻ കഴിയും. വ്യക്തിപരവും നിരന്തരവുമായ, സ്വയ-പരിശോധനകൊണ്ട് നമുക്ക് ഓരോരുത്തർക്കും പ്രയോജനം ലഭിക്കും.

**ഉപസംഹാരം**

നമ്മിൽ മിക്കപേർക്കും സ്വയ-പരിശോധന നടത്തുന്നതിനേക്കാൾ താൽപര്യം മറ്റുള്ളവരെ പരിശോധിക്കുവാനാണ്. ആ പ്രവണതയെ കുറിച്ച് യേശു ഗിരിപ്രഭാഷണത്തിൽ, പറഞ്ഞു, "സ്വന്തകണ്ണിൽ കോൽ ഇരിക്കെ, സഹോദരനോട്, നിൽക്ക, നിന്റെ കണ്ണിൽനിന്ന് കരട് എടുത്തുകളയട്ടെ എന്നു പറയുന്നത് എങ്ങനെ?" (മത്തായി 7:3). കൂടാതെ, നാം ആത്മപരിശോധനക്ക് സമയം ചെലവിടുമ്പോൾ, നാം നമ്മെ വഞ്ചിക്കും. അമേരിക്കൻ മനശാസ്ത്രവിദഗ്ദനും തത്വചിന്തകനുമായ വില്യം ജെയിംസ് എഴുതി, "എപ്പോഴെങ്കിലും രണ്ട് പേർ കുടുമ്പോൾ, വാസ്തവത്തിൽ ആറു പേർ സന്നിഹിതരാകും: ഓരോ

വ്യക്തിയും സ്വയം കാണുന്നതും മറ്റെ ആൾ കൂടെയുള്ള ആളെ കാണുന്നതും, ഓരോ വ്യക്തിയും വാസ്തവത്തിലുള്ള ആളായിട്ടുമാണ്."[56] ഈ പാഠം മൂന്നു വിധത്തിലുള്ള വെല്ലുവിളിയാണ് നൽകുന്നത്: (1) നമുക്ക് മറ്റുള്ളവരെ പരിശോധിക്കാതെ, നമ്മെ ത്തന്നെ പരിശോധിക്കാം. (2) നാം അങ്ങനെ ചെയ്യുമ്പോൾ, ദൈവം നമ്മെ കാണുന്ന വിധത്തിൽ വാസ്തവത്തിലുള്ള നമ്മെ നമുക്ക് കാണുവാൻ കഴിയും - അത് ദൈവവചനമെന്ന കണ്ണാടിയിൽ നമ്മെ നോക്കുന്നതിലൂടെ സംഭവിക്കും (യാക്കൊബ് 1:21-25). (3) നമുക്ക് വരുത്തേണ്ട മാറ്റം കണ്ടെത്തിയാൽ, നമുക്ക് "നാം വചനം കേൾക്കുന്നവരായി മാത്രം ഇരുന്നു നമ്മെ ചതിക്കാതെ, അങ്ങനെതന്നെ ചെയ്യുന്നവരായിരിക്കാം."[57]

## പ്രാസംഗികന്മാർക്കും ഉപദേഷ്ടാക്കന്മാർക്കുമുള്ള കുറിപ്പുകൾ

ഈ പാഠം പഠിപ്പിക്കുമ്പോൾ, ഉപയോഗിച്ചതാണ് "ആലയം അളക്കൽ" എന്ന ചാർട്ട്. വെളിപ്പാട് 11:1, 2 ലെ രണ്ടാമത്തെ സന്ദേശത്തിന് ഊന്നൽ നൽകുന്നതിനുവേണ്ടിയാണ് അത് ഉപയോഗിച്ചത്: നമ്മെ അനുഗ്രഹിക്കുന്നതിനു മുൻപ് "അളക്കേണം" എന്നതാണ് അത്. എങ്ങനെയായാലും പ്രാഥമികമായ സന്ദേശവും ചാർട്ടിൽ ഉണ്ട്: ഇടത്തുവശത്ത് മദ്ധ്യഭാഗത്തെ കോളത്തിൽ, "കർത്താവ് തന്റെ ജനത്തെ സംരക്ഷിക്കും ..." എന്നു കാണാം. ചാർട്ടിലെ മിക്ക വേദഭാഗങ്ങളും സ്വയം വിശദീകരിക്കുന്നവയാണെന്ന് ഞാൻ കരുതുന്നു, താഴെ വലത്തെ കോളത്തിൽ കൊടുത്തിരിക്കുന്നതടക്കം ("നാം തന്നെ" യുടെ കീഴിൽ). ആ വേദഭാഗങ്ങൾ പറയുന്നത് ദൈവം നമ്മെ പരിശോധിക്കുന്നു എന്നും - അതുകൊണ്ട് നാം നമ്മെ ശോധന ചെയ്യണമെന്നുമാണ്.

---

കുറിപ്പുകൾ

[1]പ്രത്യേകിച്ച്, വാക്യങ്ങൾ 1 ഉം 2 ഉം നാം നോക്കും. യെരുശലേമിനെ റോം ഉപരോധിച്ചപ്പോൾ, അത്യാവേശമുള്ള "പ്രവാചകൻ" എഴുതിയതാണ് ആ വാക്യങ്ങൾ എന്ന് ഉദാരമതികളായ "പണ്ഡിതന്മാർ" പറയുന്നു - അതിന് തെളിവൊന്നുമില്ല. ജി. ബി. കെയിഡ് തീർച്ചപ്പെടുത്തി, "ആ സിദ്ധാന്തത്തെ, അസാധ്യമെന്നും, നിഷ്പ്രയോജനമെന്നും, മാത്രമെ പറയുവാൻ കഴിയു" (*എ കമെന്ററി ഓൺ ദ റെവെലേഷൻ ഓഫ് സെന്റ് ജോൺ ദ ഡിവൈൻ* [ലണ്ടൻ: ആഡം ആന്റ് ചാൾസ് ബ്ലാക്ക്, 1966], 131). [2]മിലോ ഹാഡ്വിൻ, *ഓവർകമേഴ്സ്: സെർമൺ ഓൺ റെവെലേഷൻ* (ആർലിങ്ടൻ, ടെക്സ്.: മിഷൻ പ്രിന്റിങ്ങ്, എൻ. ഡി), 105. [3]ലിയോൺ മോറിസ്, *റെവെലേഷൻ*, റെവ. എഡി., ദ ടിൻഡെയിൽ ന്യൂടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1987), 140. [4]ബ്രൂസ് എം. മെറ്റ്സ്ജർ, *ബ്രേക്കിങ്ങ് ദ കോഡ്: അണ്ടർസ്റ്റാന്റിങ്ങ് ദ ബുക്ക് ഓഫ് റെവെലേഷൻ* (നാഷ്വിലേ: അബിങ്ടൻ പ്രസ്, 1993), 68. [5]മാർട്ടിൻ കിഡിൽ, *ദ റെവെലേഷൻ ഓഫ്* സെന്റ്. ജോൺ, ദ മൊഫാറ്റ് ന്യൂടെസ്റ്റമെന്റ് കമെന്ററി സീരീസ് (ന്യൂയോർക്ക്.: ഹാർപ്പർ ആന്റ് ബ്രദേഴ്സ്, പബ്ലിഷേഴ്സ്, 1940), 174. അത് വെളിപ്പാടിലെ "ഏറ്റവും പ്രധാനപ്പെട്ട അദ്ധ്യായം" ആയിട്ടാണ് പലരും കരുതുന്നത്. കാരണം (1) മുഴുവൻ പുസ്തകത്തിന്റേയും ചുരുക്കം ആ രണ്ടു സാക്ഷികളുടെ സംഭവത്തിൽ കാണാം, (2) 11:15 പുസ്തകത്തിന്റെ താക്കോൽ വാക്യമായി ചിലർ കരുതുന്നു. [6]എച്ച്. എൽ. എലിസൺ, *1 പത്രൊസ് - റെവെലേഷൻ*, സ്ക്രിപ്ച്ർ യൂണിയൻ ബൈബിൾ

സ്റ്റഡി ബുക്ക് സീരീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1969), 64. [7]*വെളിപ്പാടിന്റെ* വ്യത്യസ്ത സമീപനം കാണുവാൻ, വെളിപ്പാട്, 1 ലെ "നന്നായി തുടങ്ങുന്നത് പകുതി ചെയ്തതുപോലെയാണ്" എന്ന പാഠം നോക്കുക. [8]കെജെവി നോക്കുക. എന്റെ കയ്യിലുള്ള എൻഏഎസ്ബിയുടെ മാർജിനിൽ "ലിറ്റ്. *റീഡ്*" എന്നാണ് യോഹന്നാൻ സ്നാപകനെ കുറിച്ചു പറയുമ്പോൾ, യേശു അതേ വാക്ക് ഉപയോഗിച്ചിട്ടുണ്ട്. (ലൂക്കൊസ് 7:24), എന്നാൽ യേശു പറഞ്ഞ കോൽ വളഞ്ഞതായിരുന്നു, പക്ഷെ വെളിപ്പാട് 11:1 ലേത് ഉറപ്പുള്ള കോലായിരുന്നു ("വടി പോലെ"). [9]ആ കോലിനെ യെഹെസ്ക്കേലിന്റെ പുസ്തകത്തിലെ അളവുകോലുമായി താരതമ്യം ചെയ്യുക, അതിന് ആറു മുഴമോ അതിൽ കൂടുതലോ നീളമുണ്ടായിരുന്നു (ഒൻപതോ പത്തോ അടി) (യെഹെസ്ക്കേൽ 40:5). [10]"ഒരാൾ" എന്ന് 11:3-ൽ "*എന്റെ* ... സാക്ഷികൾ" എന്ന് സൂചിപ്പിച്ചിരിക്കുന്നത് *ദൈവം* സംസാരിക്കുന്നതായിട്ടാണ്. കെജെവിയിൽ, "ദൂതൻ നിന്നു പറഞ്ഞു" എന്നാണ്, പക്ഷെ കയ്യെഴുത്തു പ്രതി ആ പ്രയോഗത്തെ വിട്ടിരിക്കയാണ്. അത്, തീർച്ചയായി, യോഹന്നാന് നിർദ്ദേശം കൊടുത്ത ശക്തനായ ദൂതനായിരിക്കുവാനാണ് സാധ്യത.

[11]ഇത് വെളിപ്പാട് എഴുതപ്പെട്ടത് ഡൊമീഷന്റെ വാഴ്ച്ചക്കാലത്താണെന്ന ഊഹം ശരിയാണെന്ന് വരുന്നു. [12]ആലയത്തിന്റെ വിവിധ ഭാഗങ്ങൾ പറഞ്ഞിരിക്കുന്നത് അറിയുവാൻ (മുകളിൽ) വരച്ചിരിക്കുന്ന ഹെരോദാവിന്റെ ആലയം എന്ന ഡയഗ്രം വരച്ചിരിക്കുന്നത് നോക്കുക. 11:1, 2 ലെ ഭാവന ഒരുപക്ഷെ *സമാഗമനകൂടാര*ത്തിന്റേതാകാം, എന്നാൽ പ്രാകാരം ദേശങ്ങൾക്ക്/ജാതികൾക്ക് കൊടുത്തിരിക്കുന്ന എന്ന പ്രസ്താവന സൂചിപ്പിക്കുന്നത്, ഹെരോദാവിന്റെ ആലയത്തിന്റെ പുറത്തുള്ള പ്രാകാരമായിരിക്കാം. രണ്ടിൽ ഏതായാലും പോയിന്റ് ഒന്നു തന്നെയാണ്. [13]മത്തായി 23:35 ലും 27:51 ലും ഉപയോഗിച്ചിരിക്കുന്ന *നാവോസ്* സൂചിപ്പിക്കുന്നത് ആലയത്തിലെ വിശുദ്ധസ്ഥലമാണ്, അവിടെ പുരോഹിതന്മാർക്ക് മാത്രമെ പ്രവേശനം ഉണ്ടായിരുന്നുള്ളു. [14]ദൈവാലയസമുച്ചയത്തിന് മുഴുവനായി ഉപയോഗിച്ച ഗ്രീക്ക് വാക്ക് *ഹിയറോൺ* എന്നാണ്. ആ വാക്ക് മത്തായി 4:5 ലും യോഹന്നാൻ 2:14 ലും ഉപയോഗിച്ചിരിക്കുന്നു. [15]വെളിപ്പാട് പുസ്തകത്തിൽ രണ്ട് യാഗപീഠങ്ങളെ ഒന്നായി കാണുക. ആ യാഗപീഠത്തിന്റെ കൃത്യമായ സ്ഥാനം മനസിലാക്കുവാൻ പ്രയാസവും അത് അപ്രസക്തവുമാണ്. ഈ ഭാഗത്തു പറയുന്ന പീഠം ധൂപവർഗ പീഠമായിരിക്കുവാൻ കാരണം (1) വെളിപ്പാട് പുസ്തകത്തിൽ പലപ്പോഴും പറഞ്ഞ യാഗപീഠം ഇതാണ്. (2) യെഹൂദന്മാരുടെ ആരാധനയുമായി ബന്ധപ്പെട്ടിരിക്കുന്നതും ഈ യാഗപീഠമാണ് (ധൂപവർഗം അർപ്പിക്കുമ്പോൾ, യെഹൂദന്മാർ ആലയത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കും). [16]"ആലയം" എന്നതിനുള്ള ഗ്രീക്ക് വാക്ക് *നാവോസ്* ഉപയോഗിച്ചതുകൊണ്ട്, ഒരുപക്ഷെ പുരോഹിതന്മാരെ ആയിരിക്കാം ഉദ്ദേശിച്ചത്. എല്ലാ ക്രിസ്ത്യാനികളും "പുരോഹിതന്മാരാണെന്ന്" ഓർക്കുക (1 പത്രൊസ് 2:5, 9; വെളിപ്പാട് 1:6; 5:10). [17]കെജെവി നോക്കുക. ഇവിടെ ഗ്രീക്ക് വാക്ക് *എത്നേ* എന്നാണ്, അതിൽനിന്നാണ് നമുക്ക് "എത്നിക് ഗ്രൂപ്പ്" എന്ന വാക്ക് കിട്ടുന്നത്. പല ഭാഗങ്ങളിലും എൻഏഎസ്ബി തർജിമ ചെയ്തിരിക്കുന്നത് "ജാതികൾ" എന്നാണ് (ഉദാഹരണത്തിന്, മത്തായി 4:15; പ്രവൃത്തികൾ 11:1). "നേഷൻസ്" എന്നത് ഒരു പൊതുവായ വാക്കായിരിക്കാം, എന്നാൽ മതപരമായി സാധാരണ അത് ക്രിസ്തുവിനോട് മൽസരിക്കുന്നവരെയാണ് ഉദ്ദേശിക്കുന്നത് (11:18 നോക്കുക), അതാണ് ഇവിടത്തെ അർത്ഥം. [18]യേശു പൊൻ വാണിഭക്കാരെ പുറത്താക്കിയത് ജാതികളുടെ പ്രാകാരത്തിൽ നിന്നാണ് (യോഹന്നാൻ 2:13-16). "ആദ്യ സുവിശേഷ പ്രസംഗം" നടന്നത് അവിടെ വെച്ചായിരിക്കാം (ലൂക്കൊസ് 24:53; പ്രവൃത്തികൾ 2:1) പത്രൊസിന്റെ രേഖപ്പെടുത്തിയ രണ്ടാമത്തെ പ്രസംഗം നടന്ന സ്ഥലവും

അതു തന്നെ (പ്രവൃത്തികൾ 3:3, 12). പ്രാരംഭ സഭ ചിലപ്പോൾ അവിടെ കൂടി വന്നിരുന്നു (പ്രവൃത്തികൾ 5:12). [19]ഒരുപക്ഷെ, ആ നഗരം ആയിരിക്കാം 11:8 ലെ "വലിയ നഗരം". അങ്ങനെയെങ്കിൽ, അത് കൂടുതൽ നിർവ്വചിക്കുന്നു. ഈ പുസ്തകത്തിൽ പിന്നീട് വരുന്ന "നിങ്ങൾ മരിക്കുവാൻ ഒരുങ്ങിയിട്ടുണ്ടോ?" എന്ന പാഠത്തിലെ "വലിയ നഗരം" എന്നതിന്റെ കുറിപ്പുകൾ നോക്കുക. [20]കെയിഡ്, 131. (എംഫസിസ് ഹിസ്.)

[21]ജെ.ഡബ്ലിയു. റോബർട്ട്സ്, *ദ റെവെലേഷൻ ടു ജോൺ* (*ദ അപോകാലിപ്സ്*). ദ ലിവിങ്ങ് വേഡ് കമെന്ററി സീരീസ് (ആസ്റ്റിൻ, ടെക്സ്: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1974), 11. [22]ഇബിഡ്., 88. [23]ആൽഫ്രെഡ് പ്ലമ്മർ, "ദ റെവലേഷൻ ഓഫ് സെന്റ്. ജോൺ ദ ഡിവൈൻ," ഇൻ *ദ പുൾപിറ്റ് കമെന്ററി,* വാല്യം. 22, *എപ്പിസിൽസ് ഓഫ് പീറ്റർ, ജോൺ, ആന്റ് ജൂഡ്, ദ റെവെലേഷൻ*, എഡി., എച്ച്. ഡി. എം. സ്പെൻസ് ആന്റ് ജോസഫ് എസ്. എക്സെൽ (ഗ്രാന്റ് റാപ്പിട്സ്, മൈക്ക്. : ഡബ്ലിയു എം. ബി. എഡ്മാൺസ് പബ്ലിഷിങ് കമ്പനി.,1950),288. (എംഫസിസ് ഹിസ്). [24]ജിം മെക്ഗ്വിഗിൻ, *ദ ബുക്ക് ഓഫ് റെവലേഷൻ*, ലുക്കിങ് ഇൻടു ദ ബൈബിൾ സീരീസ് (ലബക്, ടെക്സ്.: ഇന്റർനാഷ്ണൽ ബിബിളിക്കൽ റിസോഴ്സസ്, 1976), 155. (എംഫസിസ് ഹിസ്.) [25]സഭയിലെ വ്യക്തികളെ*യും* സഭയെ മൊത്തത്തിലും ഉദ്ദേശിച്ചുകൊണ്ടാണ്, 1 കൊരിന്ത്യർ 3 ലേയും 2 കൊരിന്ത്യർ 6 ലേയും "മന്ദിരം" എന്ന വാക്ക് പറഞ്ഞിരിക്കുന്നത്. അംഗങ്ങളെ ചേർത്താണ് ശരീരം എന്നു പറയുന്നത് എന്നതുകൊണ്ട് അത് വ്യക്തികളെയാണ് അല്ല സഭയെയാണ് പറയുന്നതെന്ന് കരുതിയാലും വാസ്തവം തന്നെയാണ്. [26]കിഡിൽ, 180. [27]വില്യം ഹെൻഡ്രിക്സൺ, *മോർ ദാൻ കോൺകറേഴ്സ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1954), 153. ഹെൻഡ്രിക്സൺ തന്റെ പുസ്തകത്തിൽ 154-55 പേജുകളിൽ ഈ തീർപ്പിന് ആറു വാദഗതികൾ നൽകുന്നു. [28]ജി. ആർ. ബിസ്ലേ-മുറേ *ദ ബുക്ക് ഓഫ് റെവെലേഷൻ*, ദ ന്യു സെഞ്ചുറി ബൈബിൾ കമെന്ററി സീരീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1974), 182. മോറിസ്, 142 നോക്കുക; യൂജീൻ എച്ച്. പീറ്റേഴ്സൺ, *റിവേഴ്സ്ഡ് തണ്ടർ* (സാൻഫ്രാൻസിസ്കോ: ഹാർപർ കോളിൻസ് പബ്ലിഷേഴ്സ്, 1988), 111: വില്യം ബാർക്ലേ, *ദ റെവലേഷൻ ഓഫ് ജോൺ,* വാല്യം. 2 റെവ. എഡി., ദ ഡെയ്‌ലി സ്റ്റഡി ബൈബിൾ സീരീസ് (ഫിലദെൽഫിയ: വെസ്റ്റ്മിനിസ്റ്റർ പ്രസ്, 1976), 68. [29]സമുദ്രത്തിന്മേലും ഭൂമിമേലും നിന്ന ശക്തനായ ദൂതന്റെ കയ്യിൽനിന്നു ചെറുപുസ്തകം വാങ്ങിയ യോഹന്നാന്റെ ദർശനത്തിന്റെ തുടർച്ചയാണ് വാക്യങ്ങൾ 1 ഉം 2 ഉം (10:8, 9). [30]നോക്കുക 11:19; 16:17; എംഫസിസ് മൈൻ. കൂടാതെ, 14:17; 15:5 നോക്കുക.

[31]കെയിഡ്, 130. [32]യെരുശലേമിൽ ഭൗതികമായ ആലയം പുനർനിർമ്മിക്കുമെന്ന് "തെളിയിക്കുവാൻ" പല ആയിരാമാണ്ട് വാഴ്ച്ചക്കാരും യെഹസ്ക്കേലിന്റെ ദർശനം ഉപയോഗിക്കുന്നുണ്ട്. അവരുടെ വാദം ഇങ്ങനെ പോകുന്നു: "യെഹസ്ക്കെലിന്റെ ദർശനത്തിലേതുപോലെയുള്ളതല്ല ഹെരോദാവിന്റെ ആലയം. അതുകൊണ്ട്, ആ പ്രവചനം നിറവേറിയില്ല, - ഭാവിയിൽ എപ്പോഴെങ്കിലും നിറവേറും" യെഹസ്ക്കേലിന്റെ ദർശനത്തെ കുറിച്ച് ഇവിടെ വിവരിക്കുവാൻ സമയവും സ്ഥലവും പോരാ, പക്ഷെ ഈ പോയിന്റുകൾ ശ്രദ്ധിക്കുക: (1) യെഹസ്ക്കെലിന്റെ ദർശനം അക്ഷരികമല്ല, ആലങ്കാരികമാണ്. (2) സെരുബാബേലിന്റെ ആലയം (പിന്നീട് ഹെരോദാവ് വലുതാക്കി) ഭാഗികമായും, സഭയിലും (ഭൂമിയിലെ ആത്മിയ മന്ദിരം) സ്വർഗത്തിലും (സ്വർഗീയ മന്ദിരം) നിറവേറുന്നു. (3) ആയിരാമാണ്ട് വാദക്കാർ ഏതൊരു മന്ദിര-നിർമ്മാണത്തിലും ആവേശം കൊള്ളുന്നവരാണ് - അതിനർത്ഥം അവർ യെഹസ്ക്കേലിന്റെ ദർശനത്തിനാവശ്യമായ വിശദീകരണത്തിൽ വിശ്വസിക്കുന്നില്ല എന്നതാണ്. ഈ അസ്ഥിരത അവരുടെ തന്നെ വാദമായ യെഹസ്ക്കേലിന്റെ ദർശനപ്രകാരമുള്ളതാണ് ഹെരോദാ

വിന്റെ ആലയത്തിലെ ഓരോന്നും എന്നത് പൊളിയുന്നു. [33]കെയിഡ്, 130. കൂടുതൽ കൃത്യതയോടുകൂടി നമുക്ക് പറയാം, അത് കർത്താവ് (വെളിപ്പാട് നൽകിയവൻ) തന്റെ അവസാനത്തിനു വേണ്ടി "ചേർത്തതാണ്." [34]എന്റെ കയ്യിലുള്ള എൻഏഎസ്ബിയുടെ മാർജിനിൽ, "ലിറ്റ്. ത്രോ ഔട്ട്" എന്നാണ്. [35]ലൂക്കൊസ് 21:24 ലെ "ജാതികൾ" എന്ന തിന് ഉപയോഗിച്ച അതേ വാക്ക് തന്നെയാണ്, വെളിപ്പാട് 11:2-ൽ "നേഷൻസ്" എന്ന വാക്കിന് ഉപയോഗിച്ചത്. ദാനിയേൽ 8:13-ൽ അതേ പ്രസ്താവന കാണാം, അവിടെ "വിശുദ്ധസ്ഥലം" "ചവിട്ടി" എന്നാണ്. വെളിപ്പാട് 11:1, 2 ന്റെ അർത്ഥം തന്നെയാണ് ലൂക്കൊസ് 21:24 ലേതും ദാനിയേൽ 8:13 ലേതും എന്ന് ചിലർ പറയുന്നു, പക്ഷെ പ്ര കടമായ വ്യത്യാസമുണ്ട്. ദാനിയേൽ 8 പറയുന്നത് ആലയം *അശുദ്ധ*മാക്കുന്നതിനെ കുറിച്ചാണ്, പക്ഷെ ലൂക്കൊസ് 21 ആലയ *നശീകരണത്തെ* കുറിച്ചാണ്, എന്നാൽ വെളിപ്പാട് 11 പറയുന്നത് ദൈവത്താൽ ആലയത്തെ *സംരക്ഷിക്കുന്നതിനെ* കുറിച്ചാണ്. ദാനിയേൽ 8 ഉം ലൂക്കൊസ് 21 ഉം ഭൗതിക ആലയത്തെയാണ് സൂചിപ്പിക്കുന്നതെങ്കിൽ, വെളിപ്പാട് 11 ആത്മിയ ആലയത്തെ (സഭ) കുറിച്ചാണ് പറയുന്നത്. [36]വെളിപ്പാട്, 2 എന്ന പുസ്തകത്തിൽ, "കൊടുങ്കാറ്റിനു മദ്ധ്യേയുള്ള ശാന്തത" എന്ന പാഠത്തിലെ 144,000 പേ രെ മുദ്രയിടുന്നതിന്റെ കുറിപ്പുകൾ നോക്കുക. മുദ്രയിടുന്നതും അളക്കുന്നതും തമ്മിൽ താരതമ്യം ചെയ്യുന്നത് നന്നായിരിക്കും: (1) മുദ്രയിട്ട 144,000 പേർ ആത്മിയ യെഹൂദ ന്മാർ (ക്രിസ്ത്യാനികൾ), എന്നാൽ *അളന്നത്* ആത്മിയ മന്ദിരമാണ് (സഭ). (2) 144,000 പേരെ അളന്നത് എണ്ണിക്കൊണ്ടായിരുന്നു; ദൈവാലയം അളന്നത് കോൽ കൊണ്ടാ യിരുന്നു.(3) രണ്ടിന്റേയും പ്രാഥമികമായ ലക്ഷ്യം സംരക്ഷണമായിരുന്നു.[37]*വെളി പ്പാട്, 1* എന്ന പുസ്തകത്തിലെ, "ഇവിടെ ഇതാ, സർപ്പം" എന്ന പാഠം നോക്കുക. [38]ഈ നാൽപത്തി-രണ്ട് മാസ കാലയളവുമായി ബന്ധപ്പെടുത്തി വ്യാഖ്യാതാക്കൾ $3^1/_2$ വർഷം വരത്തക്കവണ്ണം പറയുന്നത് ശരിയോ തെറ്റോ ആകാം. $3^1/_2$ വർഷ ക്കാലം ഏലിയാവിനെ പോറ്റി (1 രാജാക്കന്മാർ 17:1-5; യാക്കൊബ് 5:17; ലൂക്കൊസ് 4:25). സിദെക്കിയാവിന്റെ പ്രക്ഷോഭത്തെ ബാബേൽ പ്രതിരോധിച്ചത് ഏതാണ്ട് നാ ൽപത്തി-രണ്ട് മാസമായിരുന്നു (യിരെമ്യാവ് 52). ആന്റിയോക്കസ് എപ്പിഫാനസി നെതിരായുള്ള മക്കാബിയൻ പ്രക്ഷോഭം നീണ്ടുനിന്നതും ആന്റിയോക്കസ് ആലയം അശുദ്ധമാക്കിയതിനും, ജൂഡാസ് മക്കാബിയസ് അതിനെ ശുദ്ധീകരിച്ച് നവീകരിച്ചതി നും ഇടക്ക് ഏതാണ്ട് മൂന്നു വർഷക്കാലയളവായിരുന്നു. റോം യെരുശലേമിനെ ഉപരോധിച്ചത് ഏതാണ്ട് നാൽപത്തി -രണ്ട് മാസമായിരുന്നു. നിങ്ങൾക്ക് വേണമെ ങ്കിൽ ഇതെല്ലാം പറയാം, അല്ലെങ്കിൽ കുറെ പറയാം. എങ്ങനെയായാലും, നാൽപ ത്തി - രണ്ട് എന്നത് അക്ഷരിക കാലയളവായി എടുക്കരുത്. "ക്രിസ്തീയ കാലം" *അടക്കമുള്ള* ഏത് കാലമായാലും അത് വാസ്തവമാണ് (നാൽപത്തി-രണ്ട് മാസം എന്ന ആലങ്കാരിക പ്രയോഗം - *ഏതൊരു* കാലഘട്ടത്തെയും ക്രിസ്തീയ കാലഘട്ടം മുഴുവനായി വാസ്തവമാണ്, പക്ഷെ അത് ക്രിസ്തീയകാലഘട്ടമാണെന്ന് കരുത രുത്.) [39]മിക്ക ആയിരാമാണ്ട് വാഴ്ച്ചക്കാരും (1) $3^1/_2$ വർഷക്കാലം അക്ഷരികമായി എടുക്കും (2) വെളിപ്പാടിൽ *രണ്ട്* $3^1/_2$ വർഷമുണ്ടെന്ന് ശഠിക്കും. അതിലൊന്ന് മൃഗം വരുന്നതിനു മുൻപും വന്നശേഷം അടുത്തതും (അങ്ങനെ അവരുടെ സാങ്കൽപി ക ഏഴുവർഷ പീഢനകാലം തികക്കുകയാണ്). നാം തുടർന്ന് ഊന്നി പറയുന്നത് (1) $3^1/_2$ വർഷക്കാലമെന്നത് ആലങ്കാരികമാണ്, (2) എല്ലാം ഒരേ ആശയമാണ് നൽകു ന്നത് (അതായത്, ആലങ്കാരികമായി, "എല്ലാം ഒരേ കാലയളവിനെ സൂചിപ്പിക്കുന്നു"). [40]യെഹൂദന്മാരുടെ ജോലി വർഷത്തിൽ 360-ദിവസമാണ് (അദ്ദേഹം ചേർത്തത് ഇന്റർ കാലറി മാസമാണ് - രണ്ടാം ആദാർ - കാലയളവ്, അത് സോലാർ കലണ്ടറുമായി അദ്ദേഹത്തിന്റെ കണക്ക് കൊണ്ടുവരുന്നതിനാണ)" (മെക്ഗ്വിഗിൻ, 156).




[41]ഈ പ്രയോഗം ആദ്യമായി ദാനിയേലിന്റെ പുസ്തകത്തിലാണ് ഉപയോഗിച്ചത് (7:25; 12:7). [42]മെക്ഗ്വിഗിൻ, 156. (എംഫസിസ് ഹിസ്.) [43]അതായത്, അത് സ്വീകരിക്കുവാൻ ചില നിലവാരം ആവശ്യമാണ്. [44]ഒരു വ്യക്തിക്ക് സാധാരണ, ഒന്നുകിൽ സഭയിൽ - അല്ലെങ്കിൽ ലോകത്തിൽ ആയിരിക്കുവാനാണ് കഴിയുക എന്ന ഊന്നലാണ് പുതിയനിയമത്തിലുള്ളത് (ഉദാഹരണത്തിന്, കൊലൊസ്യർ 1:13 നോക്കുക). [45]കിഡിൽ, 189. [46]ഹെൻഡ്രിക്സൺ, 154. [47]ഞാൻ ഇതിനെ കൂടുതൽ ലളിതമാക്കിയത് അത്ര നീതിപുലർത്തിയിട്ടില്ല. കൂടുതൽ അറിയുവാൻ നോക്കുക, ഹോമർ ഹെയ്‌ലി, *റെവലേഷൻ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1979), 251; മോറിസ്, 146–47; കെയിഡ്, 132. [48]ഈ വ്യാഖ്യാനത്തെ ജൂഡ്‌സോനിയയിലെ, എന്റെ ക്ലാസിൽ അവതരിപ്പിച്ചപ്പോൾ, അവർക്ക് ഗ്രഹിക്കുവാൻ–കഴിഞ്ഞില്ല എന്നാണ് കാണുവാൻ കഴിഞ്ഞത്. നിങ്ങൾ ഇത് ക്ലാസിൽ അവതരിപ്പിക്കുകയാണെങ്കിൽ (1) കൂടുതൽ സമയം എടുത്ത് വിശദീകരിക്കുക (2) അല്ലെങ്കിൽ "മറ്റു സാധ്യതകളുമുണ്ട്" എന്ന് പറഞ്ഞ് അതിനെ കുറിച്ച് പറയാതെ വിട്ടുകളയുക. അത് പ്രധാന പോയിന്റ് അല്ല. [49]"വിശുദ്ധനഗരം" സഭയുടെ നിഴലാകുന്നു എന്നതാണ് അതിന്റെ ശക്തി*യും* ബലഹീനതയും. അത് ശക്തിയായി കണക്കാക്കാം. ഭൗതിക യെരുശലേം ദൈവത്തിന്റെ പദ്ധതിയിലില്ല, "മുകളിലുള്ള യെരുശലേം" ഉണ്ട് താനും. (ഗലാത്യർ 4:26; എബ്രായർ 12:22). നേരെ മറിച്ച്, അതേ നഗരത്തെ "വലിയ നഗരം" എന്നു പറഞ്ഞിരിക്കുന്നത് ബലഹീനതയാണ്. വാക്യം 8 ലെ "മഹാ നഗരം" എന്നത് തീർച്ചയായും ബാബേൽ/റോം ആണ് - അല്ലാതെ സഭയല്ല. (ഈ പുസ്തകത്തിൽ പിന്നീട് വരുന്ന "നിങ്ങൾ മരിക്കുവാൻ ഒരുങ്ങിയിട്ടുണ്ടോ?" എന്ന പാഠത്തിലെ വാക്യം 8 നെ കുറിച്ചുള്ള പരാമർശം നോക്കുക.) [50]*വെളിപ്പാട്, 2* എന്ന പുസ്തകത്തിൽ, 144,000 പേരെ മുദ്രയിടുന്നത് ചർച്ച ചെയ്തപ്പോൾ, അതേ ഭദ്രതയും കഷ്ടതയും "കൊടുങ്കാറ്റിനു മദ്ധ്യേയുള്ള ശാന്തത" എന്ന പാഠത്തിൽ യോജിച്ചിരിക്കുന്നതായി നാം ശ്രദ്ധിച്ചു.

[51]ഈ പുസ്തകത്തിലുള്ള "കൈപ്പും മധുരവും" എന്ന പാഠം നോക്കുക. [52]ഹെയ്‌ലി, 252. [53]എൽഡ്രഡ് എക്കോൾസ്, *ഹാവ് ഇൻടു യു ഹേഡ്? ദേർ ഈസ് എ വാർ ഗോയിങ്ങ് ഓൺ!: അൺലോക്കിങ്ങ് ദ കോഡ് ടു റെവലേഷൻ* (ഫോർച്ചട്ടുർത്ത്, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ്ങ്, 1995), 182. [54]ഇബിഡ്, 181. [55]ഡേവിഡ് റോപ്പർ, *വോയ്സസ് ക്രൈയിങ്ങ് ഇൻ ദ വിൽഡർനസ്* (സാലിസ്ബറി [അഡെലെയിഡ്], സൗത്ത് ആസ്ട്രേലിയ റെസ്റ്റൊറേഷൻ പബ്ലിക്കേഷൻസ്, 1979). [56]ക്വോട്ടഡ് ഇൻ പോൾ ലി ടാൻ, *എൻസൈക്ലോപീഡിയ ഓഫ് 7,700 ഇല്ലസ്ട്രേഷൻസ്* (റോക്ക്വിലേ, എംഡി.: അഷുറൻസ് പബ്ലിഷേഴ്സ്, 1979), 442. [57]ഈ പാഠം ഒരു പ്രസംഗമായി അവതരിപ്പിക്കുന്നുവെങ്കിൽ, ശ്രോതാക്കകൾ /യേശുവിനോട് ചേരുവാൻ മുങ്ങൽ സ്നാനം ഏറ്റിട്ടുണ്ടോ എന്നു പരിശോധിക്കുവാൻ ആവശ്യപ്പെടുക (മർക്കൊസ് 16:16) - അങ്ങനെയെങ്കിൽ അവർ കർത്താവിനോട് വിശ്വസ്തരായി വചനപ്രകാരം ജീവിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുക (വെളിപ്പാട് 2:10). അവരുടെ വിലയിരുത്തലിൽ എന്തെങ്കിലും ആത്മിയമായ ആവശ്യമുണ്ടെങ്കിൽ, അത് ഉടനെ ചെയ്യുവാൻ ഉത്തേജിപ്പിക്കുക.

## ചർച്ചക്കും പുനരവലോകനത്തിനുമുള്ള ചോദ്യങ്ങൾ

1. ആറാമത്തെയും ഏഴാമത്തെയും കാഹളത്തിനിടക്കുള്ള ഇടവേള യുടെ ഉദ്ദേശം അവലോകനം ചെയ്യുക.
2. പാഠമനുസരിച്ച്, അദ്ധ്യായം 11 *പ്രയാസമുള്ള*താകാൻ കാരണമെന്ത്?
3. ജാതികളുടെ പ്രാകാരത്തിന് പ്രത്യേക ശ്രദ്ധ കൊടുത്ത് ഹെരോദാ വിന്റെ ആലയത്തിന്റെ വിവിധ ഭാഗങ്ങൾ പറയുക.
4. 11:1, 2 ലെ ആലയം ഭൗതിക കെട്ടിടമാണോ?
5. "ആലയം" എന്തിനെ സൂചിപ്പിക്കുന്നു?
6. വേദഭാഗത്തിലെ "അളക്കലിന്റെ" പ്രാധാന്യമെന്ത്? സംരക്ഷിക്കുന്നതിനായി *അളക്കുന്ന* മറ്റെന്തെങ്കിലും നിങ്ങൾക്ക് പറയുവാൻ കഴിയുമോ?
7. "നാൽപത്തി-രണ്ട് മാസം" എന്നതിന്റെ അർത്ഥം എന്ത്? ആ സംഖ്യക്ക് "$3^1/2$" എന്നതുമായി ആലങ്കാരിക ബന്ധം എന്ത്? വെളിപ്പാടിൽ "$3^1/2$" യുടെ പ്രാധാന്യം എന്ത്? വെളിപ്പാടിൽ മറ്റേതെല്ലാം വിധത്തിലാണ്, "$3^1/2$" ഉപയോഗിച്ചിരിക്കുന്നത്?
8. "പ്രാകാരം" എന്നതിന്റേയും "വിശുദ്ധ നഗരം" എന്നതിന്റേയും സാധ്യത യുള്ള അർത്ഥങ്ങൾ വിവരിക്കുക. 11:1, 2 ന്റെ അടിസ്ഥാന സന്ദേശം മനസി ലാക്കുവാൻ നമുക്ക് അത് അറിയേണ്ടതുണ്ടോ?
9. അളവിനുള്ള ദൈവത്തിന്റെ നിലവാരം എന്ത്?
10. ഏതെല്ലാം മൂന്നു വസ്തുക്കൾ അളക്കുവാനാണ് യോഹന്നാനോട് പ റഞ്ഞത്.
11. സ്വയ-പരിശോധനയുടെ പ്രാധാന്യം വ്യക്തമാക്കുക.

## ആലയത്തെ അളക്കൽ (11:1, 2)

| ദർശനം | അർത്ഥം | പ്രായോഗികത |
|---|---|---|
| യോഹന്നാൻ  | ദൈവത്തിന്റെ ദാസൻ (വെളിപ്പാട് 1:1,2) | നാമെല്ലാം (വെളിപ്പാട് 14:12) |
| കോൽ നൽകി  കർത്താവ് തന്റെ ജനത്തെ സംരക്ഷിക്കുന്നു. (സങ്കീർത്തനം 121:7; 2 തെസലോനിക്യർ 3:3; 1 പത്രോസ് 1:5) | ദൈവവചനം (യോഹന്നാൻ 12:48; 2 പത്രോസ് 1:3) | പരിശോധിക്കണം (വിലാപങ്ങൾ 3:40; 1 കൊരിന്ത്യർ 11:28; 2 കൊരിന്ത്യർ 13:5) |
|  | ദൈവജനം (സഭ) (1 കൊരി. 3:16; 2 കൊരി. 6:16; എഫെ. 2:21; 1 പത്രോ. 2:5) | നാം (സങ്കി. 26:2; യിരെമ്യാ. 12:3; 1 കൊരി. 4:4; 1 തെസ. 2:4) |

**നാം അളക്കുന്നുണ്ടോ?**



ആലയത്തെ അളക്കൽ (11:1, 2)